Reg: No K. 81

തൊഴിലാളി

Founder: Father Vadakkan :: Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വരിപ്പണം മുൻകൂർ

	പോസ്റ്റ്ഫീ	പോസ്റ്റ്ഫീ വേറെ
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
എജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

വാല്യം 12 | ലക്കം 114 | 1965 ഏപ്രിൽ 30 വെള്ളി | തൃശ്ശൂർ | വില 7 പൈസ | പേജ് 4

ബ്രിട്ടൻറെ ശ്രമം പുരോഗമിക്കുന്നു

(റോയിട്ടർ) ലണ്ടൻ, ഏ. 29

റാൺ ഓഫ് കച്ച് തർക്കത്തിനും സമാധാനപരമായ ഒരു പരിഹാരം കാണുന്നതിനും ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ബ്രിട്ടീഷ് ഗവണ്മെണ്ട് നടത്തിവരുന്ന ചർച്ചകൾ പുരോഗമിക്കുന്നുണ്ടെന്നും ബ്രി. അധികൃതർ ഇന്നു വെളിപ്പെടുത്തി.

അതിർത്തിയിലെ ആക്രമണം അയൂബ് നിർത്തണം

—ശാസ്ത്രി

ന്യൂഡൽഹി, ഏ. 29

ഇന്ത്യൻ പ്രദേശങ്ങളെ ബലപ്രയോഗത്തിൽ കൂടി പിടിച്ചടക്കുവാൻ പാക്കിസ്ഥാനെ അനുവദിക്കുകയില്ലെന്ന ഇന്ത്യൻ നിലപാടിനെ പ്രധാനമന്ത്രി ശാസ്ത്രി ഇന്നിവിടെ ആവർത്തിച്ചു ഉറപ്പിക്കുകയുണ്ടായി.

സഫ്താർജങ്ങ് ആസ്പത്രിയിലെ കാത്തോപാസിങ്ക്ഇൻസ്റ്റിട്യൂട്ട് ഉൽഘാടനംചെയ്തുകൊണ്ട് അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. സിന്ധ്-കച്ച് അതിർത്തിയിൽ പാക്കിസ്ഥാൻ ഇന്നും ചെയ്തുകൊണ്ടിരിക്കുന്നതിനെറെ മറെറാരു മാതൃക ഇന്നത്തെ ലോകത്തിൽ മറെറാടേത്തും കാണുകയില്ല. അവിടെ പാക്കിസ്ഥാൻ പണിപ്പെടുന്നതു് ഒരു അന്തരാഷ്ട്രീയ അതിർത്തി മാറ്റുന്നതിനാണു്. അതിർത്തിനിർണ്ണയിക്കപ്പെട്ടിട്ടില്ല എന്ന ഒരൊറ കാരണമേ അവക്കിതിനു് പറയുവാനുള്ളു.

വലിയയുദ്ധം ഇന്ത്യ ആഗ്രഹിക്കുന്നില്ല

പാക്കിസ്ഥാൻറെ ഈ പ്രവൃത്തി ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഒരുപ്രത്യേക സ്ഥിതിവിശേഷമാണു് സൃഷ്ടിച്ചിട്ടുള്ളതു്. കഴിയുന്നേടത്തോളം ഒരു വലിയ യുദ്ധം ഒഴിവാക്കണമെന്നാണു് ഇന്ത്യയുടെ ആഗ്രഹം. ഇപ്പോഴും യുക്തിപൂർവ്വകമായ ഒരു നിലപാടു് പാക്കിസ്ഥാൻ സ്വീകരിക്കുകയാണെങ്കിൽ ഇന്ത്യസംഭാഷണങ്ങൾക്കു് ഒരുക്കമാണു്. എന്നാൽ ബലപ്രയോഗംകൊണ്ടു് അതിർത്തിമാറ്റുന്നതിനേയും അന്യഭൂമി പിടിച്ചടക്കുന്നതിനേയും അനുവദിക്കുവാൻ നിവർത്തിയില്ല.

അതിർത്തിയിൽ പാക്കിസ്ഥാൻ ബലപ്രയോഗിക്കുന്നുകൊണ്ടുള്ള ഫലങ്ങളെ എന്തായിരിക്കുമെന്നതിനെപ്പറ്റിയുള്ള പ്രസിഡണ്ടു് അയൂബ്ഖാൻ ചിന്തിക്കുന്നുണ്ടോയെന്നു് എനിക്കറിഞ്ഞുകൂടാ. സേച്ഛാധിപത്യപരവും, നിരുത്തരവാദപരവുമായ ഇത്തരം നടപടികളെ നിർത്തണമെന്നുള്ള ബോധം ഒരു രാഷ്ട്രതലവനെന്നനിലയിൽ അദ്ദേഹത്തിനു് ഉണ്ടാകേണ്ടതാണു്.

ഏതൊരു അടിയന്തരസ്ഥിതിയുടെ നേരിടുന്നതിനും ഇന്ത്യ ഒരുങ്ങിനിൽക്കുന്നുണ്ടു്. അത്തരത്തിലുള്ള ഒരു സന്ദർഭത്തിൽ ഡോക്ടർമാരും, ഭിഷഗ്വരന്മാരും പ്രത്യേകമായി കനത്തഭാരം വഹിക്കേണ്ടിവരും.

ഇന്ത്യാ—പാക് അതിർത്തിസംഘട്ടനം

കനേഡിയൻപ്രധാനമന്ത്രിയുടേയും ബ്രിട്ടീഷ്പ്രധാനമന്ത്രിയുടേയും ശ്രമങ്ങൾ

(പി. ടി. ഐ) ഒട്ടാവ, ഏ. 29

ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള അതിർത്തിക്കഴപ്പുതീർന്നു് പരിഹാരമുണ്ടാക്കുന്നതിനു്, കോമൺവെൽത്തിലെ ഒരംഗമെന്ന നിലയിൽ തൻറെ രാഷ്ട്രം കഴിവുള്ളതെല്ലാം ചെയ്യുമെന്നു് കനേഡിയൻ പ്രധാനമന്ത്രി മി. ലെസ്റ്റർ പിയേഴ്സൺ പ്രസ്താവിച്ചിരിക്കുന്നു.

കോമൺസഭയിൽ ഒരു പ്രസ്താവന ചെയ്യുകയായിരുന്നു അദ്ദേഹം. ഇപ്പോൾ നടക്കുന്ന അസന്തുഷ്ടമായ സംഭവവികാസങ്ങളെ സംബന്ധിച്ചു് ഇന്ത്യയും—പാക്കിസ്ഥാനുമായി തൻറെ ഗവണ്മെണ്ടു് ഉടച്ചുയായി ബന്ധപ്പെലത്തിവരികയാണെന്നും അദ്ദേഹം പറഞ്ഞു.

ജൂൺ മദ്ധ്യത്തിൽ ലണ്ടനിൽ നടക്കുന്ന കോമൺവെൽത്തു് പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിൽവെച്ചു് ഈ പ്രശ്നം സൗഹാർദ്ദപരമായി തീർമാനിക്കപ്പെടുമെന്നു് താൻ തികച്ചും പ്രത്യാശിക്കുന്നു.

വിൽസൻറെ അഭ്യർത്ഥന

ലണ്ടൻ, ഏ 29

കച്ച്പ്രദേശത്തു് ഒരു പടവെടിനിർത്തലിലേർപ്പെടാൻ ഇന്ത്യാ—പാക്കിസ്ഥാൻ നേതാക്കന്മാരോടു് ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ഹാരോൾഡ്വിൽസൻ അഭ്യർത്ഥിച്ചിട്ടുള്ളതായി ഒരധികൃതവൃത്തം പ്രസ്താവിച്ചിരിക്കുന്നു.

ഇന്ത്യൻ പ്രധാനമന്ത്രിക്കും പാക്കിസ്ഥാൻ പ്രസിഡണ്ടിനും അയച്ച സന്ദേശത്തിലെ വിശദാംശങ്ങളെപ്പറ്റി വ്യക്തമാക്കുവാൻ ഉദ്യോഗസ്ഥന്മാർ വിസ്സമ്മതിച്ചു. എന്നാൽ, ആദ്യത്തെ അതിർത്തിക്കഴപ്പുതീർന്നുമുണ്ടായിരുന്ന സങ്കേതങ്ങളിലേക്ക് സൈന്യങ്ങളും പിന്മാറുകയും ഉടനടി ഒരു കരാറിൽ ഏർപ്പെടുകയും ചെയ്യണമെന്നാണു് വിൽസൻ അഭ്യർത്ഥിച്ചിരിക്കുന്നതെന്നു് കരുതപ്പെടുന്നു.

ഇരാരാലിയൻ നേതാക്കന്മാരുമായി സംഭാഷണം നടത്തുന്നതിനു് മി. വിൽസൻ ഇപ്പോൾ റോമിലാണു്.

ഇന്ത്യയിലേയ്ക്ക് മടങ്ങാൻ സിക്ക് യുവാക്കളുടെ സന്നദ്ധത

(പി. ടി. ഐ.) ലണ്ടൻ ഏ. 29

ഇവിടേയ്ക്കുള്ള സെറ്റിൽമെൻറ് ഓഫീസിലെത്തി ഇന്ത്യൻ ഹൈക്കമ്മീഷണർ ഡോ. ജീവരാജ് മേത്തയെ തങ്ങളുടെ അഭിലാഷം അറിയിക്കുകയുണ്ടായി.

ഇവരുടെ സ്വാഭ ജ്യസ്നേഹപൂർവ്വകടനത്തെ മേത്ത അഭിനന്ദിക്കുകയും ഇന്ത്യൻ ഗവണ്മെണ്ടിനെ വിവരം ധരിപ്പിക്കാമെന്നു് ഉറപ്പുകൊടുക്കുകയുമുണ്ടായി.

അമേരിക്കയും ബ്രിട്ടനും ഡള്ളസ് സിദ്ധാന്തം നടപ്പാക്കിയെന്നു് മേനോൻ

[പി. ടി. ഐ.] ന്യൂഡെൽഹി, ഏ. 29

പാകിസ്ഥാനു് സൈനികസഹായം നൽകിയ അമേരിക്കയും ബ്രിട്ടനും "ഏഷ്യാക്കാർ ഏഷ്യാക്കാരോടു് പൊരുതുക" എന്ന ഡള്ളസ്സിദ്ധാന്തം പ്രയോഗത്തിലാക്കുകയാണു് ചെയ്തിരിക്കുന്നതെന്നു് വി. കെ. കൃഷ്ണമേനോൻ പ്രസ്താവിച്ചിരിക്കുന്നു.

കച്ച്—സിന്ധ് അതിർത്തിസംഘട്ടനത്തെപ്പറ്റി ഇന്നലെ ലോകസഭയിൽ നടന്ന വാദപ്രതിവാദത്തിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കുകയായിരുന്നു മേനോൻ.

പരേതനായ അമേ. സ്റ്റേറ്റ്സെക്രട്ടറി ജോൺ ഫോസ്റ്റർ ഡള്ളസ്സുമായി നടത്തിയ സംഭാഷണത്തെ മുൻ പ്രതിരോധമന്ത്രി പരാമർശിച്ചു. പാകിസ്ഥാനു നല്കുന്ന ആയുധങ്ങളും ഇന്ത്യക്കെതിരായി ഉപയോഗിക്കപ്പെടാനുള്ളതല്ലെന്നു് ഡള്ളസ് അന്നു പറയുകയുണ്ടായി. മേൽപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അമേരിക്കയും ബ്രിട്ടനും ഡള്ളസ് സിദ്ധാന്തം നടപ്പാക്കുകയാണെന്നു് മേനോൻ ആരോപിച്ചു.

പാകിസ്ഥാനു് നൽകുന്ന അമേരിക്കൻ ആയുധങ്ങളെ കമ്മ്യൂണിസ്റ്റ് ആക്രമണത്തിനോ നിയമപരമായ പ്രതിരോധത്തിനോ മാത്രമേ ഉപയോഗിക്കുകയുള്ളുവെന്നു് മുൻ അമേരിക്കൻ പ്രസിഡണ്ടു് മി. ഈസൻഹോവറും നിരുത്തരവാദപരമായ വിദേശകാര്യസിക്കുട്ടാരി മി. ഡള്ളസ്സും ഇന്ത്യക്കു് നൽകിയിട്ടുള്ള ഉറപ്പു് ഈ വക്താവു് വിശദീകരിച്ചു.

പാക്കിസ്ഥാൻ കച്ചിൽ അത്തരം ആയുധങ്ങളും ഉപയോഗിക്കുന്നതു് ആത്മരക്ഷാർത്ഥമായി അമേരിക്ക പരിഗണിക്കുന്നില്ല.

പാക്കിസ്ഥാൻ ആയുധങ്ങളും മുൻവിനിയോഗം ചെയ്യുന്നതിനെറെ വെളിച്ചത്തിൽ, അമേരിക്ക നൽകിയിട്ടുള്ള ഉറപ്പുകളെപ്പറ്റി അവർ എന്തു് നടപടിയാണു് എടുക്കുവാൻ പോകുന്നതെന്നു് തനിക്കു് പറയാനാവില്ലെന്നും ഈ വക്താവു് പറഞ്ഞു. അമേരിക്കൻ ഗവണ്മെണ്ടു് ഈ പ്രശ്നം പാകിസ്ഥാൻ ഗവണ്മെണ്ടുമായി വീണ്ടും കൈകാര്യം ചെയ്യുമെന്നു് താൻ കരുതുന്നു.

ഗ്രീക്ക് ഓർത്തഡോക്സ് കത്തോലിക്കാസഭകൾ ഈസ്റ്റർ സന്ദേശം കൈമാറി

[ഏ. എഫ്. പി] വത്തിക്കാൻ, ഏ 28

നൂറുകണക്കിനു് വർഷങ്ങൾക്കുശേഷം ആദ്യമായി ഇത്തവണ കത്തോലിക്കാസഭയും ഗ്രീക്കോർത്തഡോക്സ് സഭയും തമ്മിൽ ഈസ്റ്റർ സന്ദേശങ്ങൾ കൈമാറിയെന്നു് പോപ്പും മാർപ്പാപ്പാ തിരുമേനി തൻറെ വാരാന്ത്യപ്രസംഗവേളയിൽ വെളിപ്പെടുത്തിയിരിക്കുന്നു.

ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ സന്ദേശം 'വന്ദ്യമായ പ്രത്യാശയും സന്തോഷവും' തനിക്കു് പ്രദാനം ചെയ്തുവെന്നു് തിരുമേനി പറഞ്ഞു.

സഭയുടെ പൈതൃകത്തിലുള്ള വിശ്വാസത്തിനു് ഇളക്കംതട്ടിക്കുവാൻ ശ്രമിക്കുന്ന 'ചില അവ്യക്ത സ്വരങ്ങളെ' സൂക്ഷിക്കണമെന്നു് തിരുമേനി ക്രൈസ്തവരെ ആഹ്വാനം ചെയ്തു.

.....

ബർമ്മയിൽ 92 ബുദ്ധസന്യാസികൾ അറസ്റ്റിൽ

(പി. ടി. ഐ) റംഗൂൺ, ഏ. 29

നിയമവിരുദ്ധനടപടികൾ ആരോപിച്ചുകൊണ്ടു് ബർമ്മയുടെ വിവിധ ഭാഗങ്ങളിൽനിന്നു് ഇക്കഴിഞ്ഞ ദിവസങ്ങളിൽ 165 കാഷായധാരികളെ ബർമ്മീസ് വിപ്ലവഗവണ്മെണ്ടു് അറസ്റ്റുചെയ്തിരിക്കുന്നു. ഇവരിൽ 92 പേർ ബുദ്ധസന്യാസികളാണു്. മതത്തിനെറെ മറവിൽ രാഷ്ട്രീയപ്രവർത്തികരംഗത്തു് നിയമവിരുദ്ധനടപടികളിലേർപ്പെട്ടുവെന്നതാണു് ഇവരിൽ ആരോപിതമായിട്ടുള്ള കുറ്റം. ഗവർമ്മെണ്ടു് വിരുദ്ധപ്രവർത്തനങ്ങളിൽ നടത്തിയെന്നതാണു് ബുദ്ധസന്യാസികളല്ലാത്തവരുടെപേരിലുള്ള കുറ്റം.

പാക്കിസ്ഥാനെ അമേരിക്ക എതിർക്കുന്നു

(പി ടി ഐ) ന്യൂഡൽഹി, ഏ. 29

റാൺ ഓഫ് കച്ചിൽ നടക്കുന്ന സംഘട്ടനങ്ങൾ 'സ്വയരക്ഷയ്ക്കു' വേണ്ടിയാണെന്നു് തങ്ങൾ കരുതുന്നില്ലെന്നു് അമേരിക്കൻ ഗവണ്മെണ്ടു് പാക്കിസ്ഥാനെ അറിയിച്ചിരിക്കുന്നു.

റാൺ ഓഫ് കച്ചിൽ പാക്കിസ്ഥാൻ അമേരിക്കൻ ആയുധങ്ങൾ ഉപയോഗിച്ചതിൽ അമേരിക്കൻ ഗവണ്മെണ്ടു് പാക്കിസ്ഥാനോടു് എതിർപ്പു് പ്രകടിപ്പിച്ചിട്ടുണ്ടെന്നു് ഇന്ത്യൻ സ്ഥാനപതിയായ ബി കെ നെഹ്രുവിനെ അമേരിക്കൻ ഗവണ്മെണ്ടു് അറിയിച്ചിരിക്കുന്നതായി ഒരു ഔദ്യോഗിക വക്താവു് പറഞ്ഞു.

പാക്കിസ്ഥാനു് നൽകുന്ന അമേരിക്കൻ ആയുധങ്ങൾ കമ്മ്യൂണിസ്റ്റ് ആക്രമണത്തിനോ നിയമപരമായ പ്രതിരോധത്തിനോ മാത്രമേ ഉപയോഗിക്കുകയുള്ളുവെന്നു് മുൻ അമേരിക്കൻ പ്രസിഡണ്ടു് മി. ഈസൻഹോവറും നിരുത്തരവാദപരമായ വിദേശകാര്യസിക്കുട്ടാരി മി. ഡള്ളസ്സും ഇന്ത്യക്കു് നൽകിയിട്ടുള്ള ഉറപ്പു് ഈ വക്താവു് വിശദീകരിച്ചു.

പാക്കിസ്ഥാൻ കച്ചിൽ അത്തരം ആയുധങ്ങളും ഉപയോഗിക്കുന്നതു് ആത്മരക്ഷാർത്ഥമായി അമേരിക്ക പരിഗണിക്കുന്നില്ല.

പാക്കിസ്ഥാൻ ആയുധങ്ങൾ മുൻവിനിയോഗം ചെയ്യുന്നതിനെറെ വെളിച്ചത്തിൽ, അമേരിക്ക നൽകിയിട്ടുള്ള ഉറപ്പുകളെപ്പറ്റി അവർ എന്തു് നടപടിയാണു് എടുക്കുവാൻ പോകുന്നതെന്നു് തനിക്കു് പറയാനാവില്ലെന്നും ഈ വക്താവു് പറഞ്ഞു. അമേരിക്കൻ ഗവണ്മെണ്ടു് ഈ പ്രശ്നം പാകിസ്ഥാൻ ഗവണ്മെണ്ടുമായി വീണ്ടും കൈകാര്യം ചെയ്യുമെന്നു് താൻ കരുതുന്നു.

ബോംബർ വിമാനങ്ങൾ കത്തിച്ചുകളയണമെന്നു് ബ്രിട്ടൻ

[റോയിട്ടർ] ഐക്യരാഷ്ട്രങ്ങൾ, ഏ. 29

യഥാർത്ഥ നിരായുധീകരണത്തിലേക്കുള്ള ആദ്യത്തെ പടിയായി അണുബോംബറുകൾ കത്തിച്ചുകളയണമെന്നു് ബ്രിട്ടൻ നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ ആധുനികമായ ആയുധങ്ങൾ എത്തിക്കുന്ന എല്ലാവിധത്തിലുള്ള വിമാനങ്ങൾ ഇതിനു കീഴ്മെൻ ബ്രിട്ടീഷ് നിരായുധീകരണമന്ത്രി ചാൾഫോണ്ട് പ്രഭു നിരായുധീകരണസമ്മേളനത്തിൽ പ്രസ്താവിച്ചു.

നിരായുധീകരണനിർദ്ദേശത്തിനെറെ പുരോഗതിക്കു് ആവശ്യമായ വിട്ടുവീഴ്ചകളിൽ ഒന്നാണിതു്. അണുബോംബുകൾ വഹിക്കുന്ന വാഹനങ്ങൾ മാത്രമല്ല മറെറാരു നിർദ്ദേശത്തോടു് ഘടിപ്പിക്കാവുന്ന മറെറാരു നിർദ്ദേശം ഇതു വാഹനങ്ങൾ നശിപ്പിക്കണമെന്നു് ഇതുമാത്രമല്ല ഒരു തീപ്പിടുത്തമുണ്ടാകുന്നതാണെന്നു് ചിലതരം ബോബറുകൾ കത്തിച്ചുകളഞ്ഞുകൊണ്ടു് ഇതിനൊരു ആരംഭം കുറിക്കാം.

.....

കാർണിവൽകേസ്സ്

(സ്വ. പ്ര.) തൃശൂർ ഏ. 29

തിയ്യറ്റർ ഇംപീരിയൽ തീയ്യേറ്ററിൽ നിന്നും പുതുതായി നിരോധന നിയമലംഘനത്തിനു് അറസ്റ്റ്ചെയ്യപ്പെട്ട 29 പേരുടെ പേരിലുള്ള കേസ്സിനെറെ വിചാരണ മെയ് 5—തീയതി ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കോടതിയിൽ ആരംഭിക്കുന്നതാണു്.

....

എന്തു ത്യാഗത്തിനും തയ്യാറാണു് പാക് ആക്രമണത്തെ നേരിടാൻ ലീഗ് നേതാവിൻറെ ആഹ്വാനം

(പി ടി ഐ) എറണാകുളം ഏ. 29

റാൺ ഓഫ് കച്ചിൽ പാക്കിസ്ഥാൻ നടത്തിയ നഗ്നമായ ആക്രമണത്തെ ശക്തിയായി അപലപിച്ചുകൊണ്ടു് ഇന്ത്യൻ മുസ്ലീംലീഗ് ജനറൽ സിക്രട്ടറി മി. ഇബ്രാഹിം സുലൈമാൻസേട്ട് എം. പി. ഇന്നിവിടെ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

ഈ നിസ്സാരമായ പ്രശ്നങ്ങളിൽ, പാക്കിസ്ഥാൻ ആക്രമണത്തെ നേരിടുന്നതിനായിട്ടെങ്കിലും എല്ലാ നടപടികൾക്കും മുസ്ലീം സമുദായത്തിൻറെ സമ്പൂർണ്ണമായ സഹകരണവും അദ്ദേഹം ഉറപ്പുനൽകി.

മാതൃഭൂമിയുടെ അന്തസ്സും പരമാധികാരവും സംരക്ഷിക്കുന്നതിനായി മുസ്ലീംലീഗും മുന്നണിയിൽ തന്നെ ഉണ്ടായിരിക്കുമെന്ന കാര്യത്തിൽ തനിയ്ക്കുമാത്രം സംശയമുള്ളതായി തോന്നുന്നില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

ഈ നിസ്സാരകാര്യത്തിൽ രാഷ്ട്രത്തിനുനേരെ ചെയ്യുന്ന കടന്നുകയറ്റം നിസ്സഹകരണത്തിനും നിയമലംഘനപ്രസ്ഥാനത്തിനും പ്രേരകമായിത്തീരുമെന്നു് അദ്ദേഹം എല്ലാ ജനങ്ങളോടും പ്രത്യേകിച്ചു് മുസ്ലീമുകളോടു് അഭ്യർത്ഥിച്ചു. എന്തു ത്യാഗത്തിനും തയ്യാറായിരിക്കുക; നമ്മുടെ പരിശുദ്ധമായ അതിർത്തി കാക്കുന്നതിനു മാത്രമല്ല; മാതൃഭൂമിയുടെ മാനം സംരക്ഷിക്കുന്നതിനും നാം ഒരുങ്ങിയിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സച്ചാർ മേയ് നാലിനു് അധികാരപത്രം നല്കും

[പി ടി ഐ] കൊളമ്പോ, ഏ. 29

സിലോണിലെ നിയുക്ത ഇന്ത്യൻ ഹൈക്കമ്മിഷണർ മി. ഭീംസെൻസച്ചാർ തൻറെ അധികാരപത്രം മേയ് 4—നു തന്നെ ഗവണ്മെൻറ് ജനറൽക്കു് സമർപ്പിക്കുന്നതായിരിക്കും.

നെഗോംബോ ഏലിയായിൽ ഇപ്പോൾ കഴിയുന്ന ഗവണ്മെൻറ് ജനറൽ മേയ് 3—നു തിരിയെത്തി ഇവിടെയെത്തും.

ഏപ്രിൽ 15—നു ഇവിടെയെത്തിച്ചേർന്ന മി. സച്ചാർ കഴിഞ്ഞയാഴ്ച പ്രധാനമന്ത്രി സേനാനായകെ ചെന്നു കണ്ടു് സംഭാഷണം നടത്തുകയുണ്ടായി.

....

ഡോമിനിക്കയിൽ അമേ: സേന ഇറങ്ങി

ആഭ്യന്തരകലാപം തുടരുന്നു

[പി. ടി. ഐ] വാഷിംഗ്ടൺ, ഏ. 29

ആഭ്യന്തര കലാപം ആളിക്കത്തുന്ന ഡോമിനിക്കൻ റിപ്പബ്ളിക്കിൽ അമേരിക്കൻ സേനയെ ഇറക്കുവാൻ താൻ ആജ്ഞാപിച്ചിട്ടുണ്ടെന്നു് പ്രസിഡണ്ടു് ജോൺസൺ പ്രസ്താവിച്ചു.

അവിടെയുള്ള അമേരിക്കക്കാരെ രക്ഷിച്ചുകൊണ്ടു് പോരുന്നതിനാണു് ഈ നടപടി. 400 അമേരിക്കൻ നാവികരെ ടന്മാർ അവിടെ ഇറങ്ങി കഴിഞ്ഞു.

ഡോമിനിക്കൻ തലസ്ഥാനനഗരിയുടെ ഏതാണ്ടു് പകുതിഭാഗവും വിമതസൈനികരുടെ കയ്യിലായെന്നു് സൻറ് ഡോമിനിഗോയിലെ അമേരിക്കൻ എമ്പസി വക്താവു് പ്രസ്താവിച്ചു. അതേ സന്ദർഭത്തിലാണു് തിരക്കിൽ ഏർപ്പെട്ടിരിയ ഒരു ടെലിവിഷൻ പ്രക്ഷേപണത്തിൽ പ്രസിഡണ്ടു് ജോൺസൺ ഈ പ്രഖ്യാപനം നടത്തിയതു്. റിപ്പബ്ളിക്കിൽ നടക്കുന്ന സംഘട്ടനത്തിൻറെ ഫലമായി അമേരിക്കരുടെ ജീവൻ അപകടത്തിലായിട്ടുണ്ടെന്നും, അവരുടെ ജീവരക്ഷക്കു് ഉറപ്പു് നല്കുവാൻ തങ്ങൾക്കു് കഴിയുകയില്ലെന്നും, അതുകൊണ്ടു് സൈനിക സഹായം ആവശ്യമാണെന്നു് ഡോമിനിക്കൻ സൈനികാധികൃതർ തന്നെ അറിയിച്ചുവെന്നും പ്രസിഡണ്ടു് ജോൺസൺ പറഞ്ഞു. ഡോമിനിക്കൻ റിപ്പബ്ളിക്കിലുള്ള മറെറാരു രാജ്യക്കാരും സൈനിക സംരക്ഷണം ആവശ്യപ്പെട്ടിട്ടുണ്ടു്. അമേരിക്കൻപിന്തുണയുള്ള സിവിലിയൻ ജനതയ്ക്കെതിരായി കഴിഞ്ഞ ഞായറാഴ്ച സൈന്യം വിപ്ലവത്തിനു് രുങ്ങിയതിനുശേഷമാണു് ഡൊമിനിക്കൻ റിപ്പബ്ളിക്കിൽ കഴപ്പം പൊട്ടിപ്പുറപ്പെട്ടതു്.

യുദ്ധം തുടരുകൊണ്ടിരിക്കുകയാണെന്നു് അമേരിക്കൻ പക്ഷത്തെ റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. അമേരിക്കൻ സിവിലിയന്മാരെ ഒഴിച്ചുകൊണ്ടു് പോരുന്നതിനായി നാല്പതോളം അമേരിക്കൻ നാവികരുടെ സംഘം കരുക്കിറങ്ങിയിട്ടുണ്ടു്.

ആസ്പത്രികൾ പക്ഷപാതിയായവരെക്കൊണ്ടു് നിറഞ്ഞിരിക്കുകയാണെന്നു് സാൻറ് ഡോമിനിക്കോയി അമേരിക്കൻ എമ്പസി വക്താവു് പറഞ്ഞു. പ്രസിഡണ്ടു് ഡോണാൾഡ് റെയിഡ്കബ്രാൾ ഒളിവിലിരിക്കുന്നുവെന്നും, പക്ഷെ അദ്ദേഹം സുഖമായിരിക്കുന്നുവെന്നും വക്താവു് പറഞ്ഞു. തലസ്ഥാനനഗരിയിൽ വിച്ഛേദിച്ചതി ഇല്ല. റേഡിയോ ശബ്ദിക്കുന്നുമില്ല. ഇരുഭാഗങ്ങൾക്കും വേണ്ടി മദ്ധ്യസ്ഥശ്രമം നടത്തുമെന്നു് മാപ്പാപ്പയുടെ പ്രതിനിധി കാഫർ ചെയ്തിട്ടുണ്ടു്.

സായുധകൈകടത്തൽ

മോസ്കോ, (എ എഫ് പി) ഏ. 29

ഡൊമിനിക്കൻ റിപ്പബ്ളിക്കിൽ അമേരിക്കൻ നാവികസേനകളെ ഇറക്കിയിട്ടുള്ളതു് ഒരു പരമാധികാരരാഷ്ട്രത്തിൻറെ ആഭ്യന്തരകാര്യങ്ങളിലുള്ള സായുധകൈകടത്തലാണെന്നു് പ്രസിഡണ്ടു് ജോൺസൺറെ തീരുമാനത്തെ പരമശിച്ചുകൊണ്ടു് ടാസ്സ് പറഞ്ഞു.

അമേരിക്ക വിഷവ്യാവകങ്ങളും ഉപയോഗിക്കുന്നുണ്ടെന്നു് വ. വിയറ്റ് നാമിൻറെ പരാതി

തെ. വിയറ്റ്നാമിൽ വടക്കിൻറെ അഭ്യു ബറാലിയൻ സേനയുണ്ടെന്നു് സൈഗോൺ

(റോയിട്ടർ) സൈഗോൺ, ഏ. 29

തെക്കൻവിയറ്റ്നാമിൽ വടക്കൻവിയറ്റ്നാമിൻറെ അഭ്യു ബറാലിയൻസേന സ്ഥിരമായി പ്രവർത്തിക്കുന്നുണ്ടെന്നു് സൈനികവൃത്തങ്ങൾ ഇന്നിവിടെ വെളിപ്പെടുത്തി.

അമേരിക്കൻ സൈനിക അധികൃതർ ഇതിനെസംബന്ധിച്ചു് അഭിപ്രായമൊന്നും പറഞ്ഞിട്ടില്ല. തെക്കൻവിയറ്റ്നാം സൈനിക ഇൻറലിജൻസ് നൽകിയ ഈ വിവരം അവർ പഠിച്ചുകൊണ്ടിരിക്കുകയാണു്.

മദ്ധ്യ തെക്കൻവിയറ്റ്നാമിൽ ലാവേസ് അറിയപ്പെടുന്നു കേന്ദ്രം സംസ്ഥാനത്തിൽ ഒരു വടക്കൻവിയറ്റ്നാം ബറാലിയൻ സ്ഥിരമായി നിലകൊള്ളുന്നുണ്ടെന്നു് രണ്ടുദിവസംമുമ്പു് അമേരിക്കൻ അധികൃതർ സ്ഥിരീകരിച്ചു. സൈഗോണിനു് 350 നാഴിക വടക്കു കിഴക്കായി നാല് ബറാലിയൻവരുന്ന കമ്പനികൾ ഉണ്ടെന്നാണു് ഇപ്പോൾ കണ്ടുപിടിച്ചിട്ടുള്ളതു്. ഈ ഭാഗത്തുനിന്നു് ഇയ്യിടെ ഗവണ്മെണ്ടുസേനകൾക്കുനേരെ കനത്ത തിരിച്ചടി ഏല്പിക്കുകയുണ്ടായി.

ആക്രമണം തുടരുന്നു

ഇന്നലെ രാത്രി വടക്കൻ വിയറ്റ്നാമിലെ പ്രധാനറോഡുകളിൽ അമേരിക്കൻ വിമാനങ്ങൾ ബോംബേറുനടത്തി. ഒരു ചെറിയ മറപ്പാലം റോക്കറ്റ് ആക്രമണത്തിനും വിധേയമായി.

ഇന്നലെ ഉണ്ടായ ആക്രമണത്തിൽ അഞ്ചു് അമേരിക്കൻ വിമാനങ്ങളെ വെടിവെച്ചു് വീഴ്ത്തിയെന്നു് വടക്കൻ വിയറ്റ്നാം ന്യൂസ് ഏജൻസി പ്രസ്താവിച്ചു. ഇയ്യിടെ ഉണ്ടായ ഒരു വിമാനാക്രമണത്തിന്നിടക്കു് വിഷവ്യൂഹങ്ങൾ അമേരിക്ക ഉപയോഗിച്ചുവെന്നും ന്യൂസ് ഏജൻസി കുറ്റപ്പെടുത്തി. നിരുമില്ലാത്ത ഒരുതരം ദ്രാവകവും, കടുത്തനിറത്തിലുള്ള ഒരുതരം പൊടിയും വിമാനങ്ങളിൽനിന്നു് വർഷിച്ചുവത്രെ. ഈ ദ്രാവകങ്ങൾ ഏററാൽ മുഷ്കരമായ പൊടിഞ്ഞുപോകും, മനുഷ്യരുടെ ദേഹത്തു തട്ടിയാൽ പൊള്ളലുണ്ടാകും.

....

അർത്തിയിലെ സൈനികർക്കു് ലോകസഭയുടെ അഭിവാദ്യം

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 29

ഇൻഡ്യയുടെ പരിശുദ്ധമായ മണ്ണിൽനിന്നും അക്രമിയെ തുരത്തുവാനുള്ള ഇൻഡ്യൻ ജനതയുടെ ദൃഢനിശ്ചയം ലോകസഭ ഇന്നലെ ആവർത്തിച്ചു പ്രഖ്യാപിച്ചിരിക്കുന്നു.

അതിർത്തിയിൽ പടവെട്ടുന്ന ധീരോദാത്തരായ പോലീസിൻറെയും പട്ടാളത്തിൻറെയും സേവനങ്ങളിൽ ലോകസഭ അഭിനന്ദനം രേഖപ്പെടുത്തി. മാതൃരാജ്യത്തിൻറെ അന്തസ്സും ഭദ്രതയും പരിരക്ഷിക്കാൻ ജീവൻ ബലികൊടുത്ത രക്തസാക്ഷികൾക്കു് സഭ അഭിവാദ്യമർപ്പിച്ചു.

ഇതുസംബന്ധിച്ചു് എസ്. എൻ. ദ്വിവേദി, എച്ച്. വി. കമ്മത്തു്, നാഥ് പൈ എന്നിവർമേൽ സമർപ്പിച്ച ദേഭഗതി ലോകസഭ പാസ്സാക്കി.

....

ഇന്ത്യ അമേ. ആയുധങ്ങൾ ഉപയോഗിച്ചിട്ടില്ല

ന്യൂഡൽഹി, ഏ. 29

കച്ച്—സിന്ധ് അതിർത്തിയിലെ തർക്കപ്രദേശമെന്നു് പറയുന്ന മേഖലയിൽ ആരോ, പത്തോ നാഴികക്കുള്ളിൽ പാക്കു് സേന റിലയറപ്പിച്ചിട്ടുണ്ടെന്നുള്ള പാക്കു് അവകാശവാദം തികച്ചും അതിശയോക്തി പരമാണെന്നു് ഒരു ഔദ്യോഗിക വക്താവു് ഇവിടെ പ്രസ്താവിച്ചു.

കഴിഞ്ഞ രണ്ടു ദിവസമായി ഈ മേഖലയിൽ കാണുന്ന മാന്യത്തെ കൂടുതൽ ആക്രമണങ

തെഴിലാളി

പോസ്റ്റ്‌ബോക്സ് 90
ടെലഫോൺ 125

1965 ഏപ്രിൽ 30-ാം തീയതി വെള്ളി

വിലക്കയറ്റം

....*....

കേരളത്തിൽ, നിത്യോപയോഗ സാധനങ്ങളുടെ വില വീണ്ടും കയറിത്തുടങ്ങി. 'ഉപ്പുതൊട്ട് കർപ്പൂരം'വരെയുള്ള സകല സാധനങ്ങൾക്കും വില, റോക്കറ്റിന്റെ വേഗത്തിലാണ് വർദ്ധിക്കുന്നത്. അരിയുടെ ഔർല്ലുഭ്യംമൂലം പല സ്ഥലങ്ങളിലും, ഹോട്ടലുകളിൽ ഊണു കിട്ടാനുമില്ല. സ്വന്തം നാട്ടിൽനിന്നും ദൂരെപ്പോയി ജോലി ചെയ്യുന്നവർ, ഹോട്ടലുകളെ ആശ്രയിച്ചാണല്ലോ ജീവിക്കുന്നത്. അങ്ങനെയുള്ളവരെ സംബന്ധിച്ചേടത്തോളം, ഹോട്ടലുകളിൽ നിന്നും ഊണു കിട്ടാതെ വന്നാൽ പട്ടിണി കിടക്കുകയല്ലാതെ വേറെ വഴിയില്ല. ഉത്സവങ്ങളുടെയും, ആഘോഷങ്ങളുടെയും, സമുദ്ധിയുടെയും കാലമായ മേടമാസത്തിലെ നിലയിതാണെങ്കിൽ, പഞ്ഞക്കർക്കടകമാസമാകുമ്പോൾ കേരളത്തിലെ ജനങ്ങളുടെ നില എന്തായിത്തീരുമെന്നു ഞങ്ങളോടുത്തു പോകുകയാണ്?

ജനാധിപത്യവ്യവസ്ഥിതിയിലൂടെ, സോഷ്യലിസത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു എന്നവകാശപ്പെടുന്ന ഒരു രാജ്യത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ന്യായമായ വിലയ്ക്കു നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കേണ്ട ചുമതല സർക്കാരിനേതാണെന്നാണ് ഞങ്ങളുടെ വിശ്വാസം. നീതിബോധമുള്ള ജനാധിപത്യപ്രേമികളായ എല്ലാവരും ഞങ്ങളുടെ അഭിപ്രായത്തോടു യോജിക്കും. എന്നാൽ, നമ്മുടെ നാട്ടിൽ സർക്കാരിന്റെ നയം നേരേ മറിച്ചാണ്. സാധനങ്ങളുടെ വില വർദ്ധിക്കുന്നതു ഏറ്റവും വേഗം മനസ്സിലാക്കുന്നതു സർക്കാരിനാണെങ്കിലും, അധികാരികളും അതു നോക്കിരസിക്കയാവാം. പൊതിമുട്ടിയ ജനങ്ങളെ പ്രതിഷേധസ്വരമുയർത്തുമ്പോൾ, പ്രായോഗിക നടപടികളെപ്പറ്റി യാതൊന്നും കാണാതെ ഏതാനും സാധനങ്ങളുടെ വില ഗവർമ്മെന്റ് നിയന്ത്രിക്കും. അതോടുകൂടി അങ്ങാടിയിൽ സാധനങ്ങൾ കിട്ടാതെയാവും. പിന്നീടുള്ള വ്യാപാരം കരിഞ്ചന്തയിലാണ്. കരിഞ്ചന്തയിലെ വില സന്ദർഭത്തിനനുസരിച്ചാണല്ലോ. ഇതിന്റെയൊക്കെ ഫലമായി, വിലക്കയറ്റത്തിനെതിരായി പ്രതിഷേധിച്ച ജനങ്ങൾ, പ്രതിഷേധസ്വരമുയർത്താൻ ഇടയായ അവസരത്തിലേതിനേക്കാൾ കൂടിയ വിലയ്ക്കു അത്യാവശ്യസാധനങ്ങൾ വാങ്ങേണ്ട ഗതികേടിലാണ് ഇന്നു ചാടുക. കൂട്ടത്തിൽ വില കൊടുക്കാൻ തയ്യാറായാലും പലപ്പോഴും ആവശ്യത്തിനു സാധനങ്ങൾ ലഭിച്ചെന്നുവരില്ല. ഈ സ്ഥിതിവിശേഷത്തിനൊരു മാറ്റമുണ്ടാവുന്നതിനുവേണ്ടി ഗവർമ്മെന്റ് ഉടനടി എന്തെങ്കിലും ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. പ്രസിഡന്റ് ഭരണത്തിനു ഇക്കാര്യമെങ്കിലും ഒന്നു നേരേയാക്കാൻ കഴിയുമോ എന്നാണ് ഞങ്ങൾക്കു ചോദിക്കാനുള്ളതു്. കേരളം അരിയുടെ കാര്യത്തിൽ ഒരു കമ്മി സംസ്ഥാനമാണെന്നു് എല്ലാവർക്കും അറിയാം. മറ്റു സംസ്ഥാനങ്ങളായ ആന്ധ്രയിൽനിന്നും, മദ്രാസിൽനിന്നും ചെണം നമുക്കു വേണ്ടത്ര അരി ലഭിക്കാൻ സംസ്ഥാനങ്ങൾ തമ്മിലുള്ള ഇടപാടുകൾ നേരേയാക്കുന്നതു് കേന്ദ്രമാണല്ലോ. കേരളം കേന്ദ്രത്തിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരിക്കുന്ന സ്ഥിതിക്ക് അതിനുള്ള സാധ്യതയും ബാദ്ധ്യതയും വർദ്ധിച്ചിരിക്കയാണ്. എന്നിട്ടും നടപടികൾ കാണുന്നില്ല.

....*....

റേഡിയോ

ഏപ്രിൽ 30 വെള്ളി
തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ,
454.5, 441.2, 517.2 മീറ്റർ

കാലത്തു്
6_30 മംഗളവാദ്യം, സുഭാഷിതം
6_35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകൾ
6_40 വാർത്തകൾ ഇംഗ്ലീഷിൽ
6_45 ഭക്തിഗീതം
7_00 ഗാന്ധിമാർഗ്ഗം
7_25 ഇന്നത്തെ ചിന്താവിഷയം
7_30 വാർത്തകൾ മലയാളത്തിൽ
7_45 അഞ്ജലി
8_00 വാർത്തകൾ ഇംഗ്ലീഷിൽ
8_15 സംഗീതം
8_45 സമാപനം

ഉച്ചതിരിഞ്ഞു്
12_30 പ്രാദേശികവാർത്തകൾ
12_35 ചലച്ചിത്രഗാനങ്ങൾ
12_45 മഹിളാലയം
1_20 വാർത്തകൾ മലയാളത്തിൽ
1_30 ലളിതഗാനങ്ങൾ
1_40 വാർത്തകൾ ഹിന്ദിയിൽ
1_50 സുഗമസംഗീതം
2_00 കാലാവസ്ഥ

രാത്രി
5_30 തൊഴിലാളിമണ്ഡലം
6_00 പ്രാദേശിക അറിയിപ്പുകൾ
6_05 പ്രാദേശികവാർത്തകൾ
6_15 നാട്ടിൻപുറം
7_00 പുസ്തകനിരൂപണം (പുതിയ പുസ്തകങ്ങൾ)
7_10 ചലച്ചിത്രഗാനങ്ങൾ
7_30 വാർത്തകൾ മലയാളത്തിൽ
7_45 ഫീച്ചർ-ടി. ആർ. മഹാലിംഗം
8_55 ഇന്നത്തെ പാർലിമെന്റ്
9_00 വാർത്തകൾ ഇംഗ്ലീഷിൽ
9_15 വ്യാപാരവും
9_30 ജീവചരിത്രം (പെർഷ്യൻ)
10_00 സംഗീതം
10_30 വാർത്തകൾ ഇംഗ്ലീഷിൽ
10_35 സമാപനം

....

ഗവ. സ്കൂൾ പ്രൈമറി വിഭാഗത്തിലെ ഗ്രാഡ്വേറ്റ് അദ്ധ്യാപകർ

തിരു. ഏ. 27

ഗവർമ്മെന്റ് സ്കൂളുകളിലെ ഗ്രാഡ്വേറ്റ് അദ്ധ്യാപക തസ്തികകളിലേക്കുള്ള ഒഴിവുകളിൽ പത്തുശതമാനം പത്തുവർഷക്കാലമെങ്കിലും സേവനമനുഷ്ഠിച്ചിട്ടുള്ളവരും പ്രൈമറി വിഭാഗത്തിൽത്തന്നെ ജോലിചെയ്തുകൊണ്ടിരുന്നവരുമായ ബി. എ., ബി. എസ്സ്-സി. ബിരുദധാരികൾക്കായി സംവരണം ചെയ്തുകൊണ്ട് നിലവിലിരിക്കുന്ന നിയമത്തിൽ ഗവർമെന്റ് ചില ഭേദഗതികൾ ചെയ്തിരിക്കുന്നു. ഗ്രാഡ്വേറ്റ് അദ്ധ്യാപകരായി തിരഞ്ഞെടുക്കപ്പെടുന്നവർ ഏറ്റവുംഅടുത്ത സന്ദർഭത്തിൽ ടെയിനിംഗിനു നിയോഗിക്കപ്പെടും. ബി.എഡ്., ബിരുദധാരികൾകൂടിയായ പ്രൈമറിവിഭാഗാദ്ധ്യാപകർക്ക് മുൻപറഞ്ഞ പത്തുശതമാനം സംവരണം വെയ്ക്കുമ്പോൾ ഒഴിവുകളിലേയ്ക്കു പ്രമോഷൻ ലഭിക്കുന്നതിനു മേലിൽ രണ്ടുവർഷത്തെ സർവ്വീസ്മാത്രം മതിയാവുന്നതാണ്. ടെയിനിംഗ് ഉള്ളവരോ ഇല്ലാത്തവരോ ആയ പ്രൈമറിവിഭാഗാദ്ധ്യാപകർക്ക് പ്രമോഷൻ ലഭിക്കുന്നതിനു് ഇനി അവരെ പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുക്കേണ്ടതില്ലെന്നു ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു.

കമ്പിത്തപാൽ യൂണിയൻ വാർഷികം

കോട്ടയം, ഏ. 28

അഖിലേന്ത്യാ കമ്പിത്തപാൽ യൂണിയൻ കോട്ടയംഡിവിഷനൽ ബ്രാഞ്ചുയൂണിയനുകളുടെ സംയുക്തവാർഷിക സമ്മേളനം മെയ് രണ്ടാം തിയതി 4 മണിക്ക് കോട്ടയം ഹോംഗാർഡ്സ് ക്ലബ്ബ്ഹാളിൽവച്ച് കൂടുന്നതാണ്. കോട്ടയംസൗത്ത് പോസ്റ്റാഫീസിലെ സൈക്കിൾ മെക്കാനിക് ശ്രീ. കെ. രാമമൂർത്തി, പോസ്റ്റുമാൻ യൂണിയൻ സെക്രട്ടറി ശ്രീ. കണ്ണൻനായർ, സക്കിം കാർഗനൈസിംഗ് സെക്രട്ടറി ശ്രീ പത്മനാഭൻ, ജോസഫ് കാട്ടാമ്പള്ളി, സി. എൻ. ശ്രീകണ്ഠൻനായർ (കേരളശബ്ദം ചീഫ് എഡിറ്റർ) എന്നിവർ പ്രസംഗിക്കുന്നതുമാണ്. ഇതിനോടനുബന്ധിച്ച് ഇ ഡി ജീവനക്കാരുടെ ഒരു പ്രത്യേകകൺവെൻഷൻ മെയ് രണ്ടാംതിയതി രാവിലെ 9 മുതൽ നടത്തപ്പെടുന്നതും പ്രസ്തുതകൺവെൻഷനിൽ കെ രാമമൂർത്തി പ്രസംഗിക്കുന്നതുമാണ്.

വാർഷികസമ്മേളനത്തിന്റെ പ്രചാരണാർത്ഥം പീരുമേട് ലാഞ്ഛിരപ്പള്ളി വാഴൂർ പാല ഈ സ്ഥലങ്ങളിൽവച്ച് ഏപ്രിൽ 25-ാംതീ- ഗ്രൂപ്പ് മീറ്റിംഗുകൾനടത്തുകയുണ്ടായി.

—

കേരളപ്പഴവിന്റെ ആക്രമണത്തിനെതിരെ തീവ്രയത്നപരിപാടി

ആലപ്പുഴ ഏപ്രിൽ 28

തെങ്ങിന്റെ വികസനത്തിനുവേണ്ടി ഇപ്പോൾ കേരളത്തിലെ പല ഭാഗങ്ങളിലും നടന്നുവരുന്ന പ്രവർത്തനങ്ങൾക്കു ശക്തിപകരുന്നതിനുവേണ്ടി കേരകർഷകരുടെ ഒരു മഹാസമ്മേളനം ഏപ്രിൽ 30-ാംതീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ആലപ്പുഴ ടൗൺഹാളിൽ കൂടുന്നതാണ്. കേരകർഷകരുടെ ഈ മഹാസമ്മേളനത്തിൽ കേരകൃഷിയുടെ പുരോഗതിയെപ്പറ്റി വിദഗ്ദ്ധന്മാർ പ്രസംഗിക്കുന്നതും കേരകർഷകരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതുമാണ്. കേരകൃഷിയുടെ പുരോഗതിക്കുവേണ്ടി ഗവർമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പുതിയ നിയമങ്ങളെപ്പറ്റിയും ഈ സമ്മേളനത്തിൽ ചർച്ചചെയ്യുന്നതാണ്.

കേരകർഷകരുടെ ഈ മഹാസമ്മേളനത്തിന്റെ വിജയത്തിനുവേണ്ടി ആലപ്പുഴ ജില്ലയിലെ കേരകർഷകരുടെ ഒരു മഹായോഗം ഏപ്രിൽ 28-ാംതീയതി ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് ആലപ്പുഴ ടൗൺഹാളിൽ കൂടുന്നതാണ്. ഈ യോഗത്തിൽ കേരകർഷകരുടെ പ്രതിനിധികൾ പങ്കെടുക്കുന്നതാണ്.

കേരകൃഷിയുടെ പുരോഗതിക്കുവേണ്ടി ഗവർമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പുതിയ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനുവേണ്ടി ഗവർമെന്റ് ഏർപ്പെടുത്തിയിട്ടുള്ള തീവ്രയത്നപരിപാടി മേയ് 3-ാംതീ- മാന്നാർ, ചെങ്ങന്നൂർ, ചുനക്കര, പുലിയൂർ, എന്നീ പഞ്ചായത്തുകളിൽ, തെങ്ങിനും കവുങ്ങിനും കരമൊഴിവാക്കിയിട്ടുള്ള കരമൊഴിവാക്കൽ (കോകോപോർ) പുഴുവിന്റെ ആക്രമണമുള്ളതായി ബി. ഡി കാ. യുടെ കരിയിപ്പിൽപറയുന്നു. ഇതിനെതിരായി ആസൂത്രണം ചെയ്തിട്ടുള്ള തീവ്രയത്നപരിപാടി മേയ് 3-ാംതീ- മാന്നാർ പഞ്ചായത്തിലെ കട്ടൽ ചേന്നാർ, കരുവാറ്റ എന്നീ വാർഡുകളിൽ 4-ാം തീ- ബുധനൂർ പഞ്ചായത്തിലെ പെരിങ്ങിലിപ്പുറം 5-ാം തീയതി പുലിയൂർപഞ്ചായത്തിലെകോതയ്ക്കുട്ടുവർഡിലും വെച്ചു നടത്തുന്നതായിരിക്കും. ഈ അവശ്യം നിറവേറ്റിക്കുന്നതിനുവേണ്ടി മേയ് മാസം തിയതി തോന്നയ്ക്കലും മന്നാർ പോളിടെക്നിക്കിലും വെച്ചു നടത്തപ്പെടുന്ന പരിശീലനക്ലാസ്സിൽ എല്ലാകർഷകരും സഹകരിക്കണമെന്നു ബി. ഡി. കാ. അഭ്യർത്ഥിക്കുന്നു.

....*....

ലക്ഷങ്ങളുടെ അസ്ഥിമാടങ്ങളുടെ മുകളിൽ കെട്ടിപ്പടുക്കുന്ന കമ്മ്യൂ. ചീനയുടെ 'പുരോഗതി'

കൃഷിയായാലും വ്യവസായമായാലും വ്യാപാരമായാലും വിദേശബന്ധമായാലും സർവ്വതോമുഖമായ പുരോഗതിയെക്കുറിച്ച് സംസാരിക്കുന്നതിൽ ചൈനീസ് നേതാക്കന്മാർ ഒരിക്കലും ക്ഷീണം കാണിക്കാറില്ല. കഴിഞ്ഞ ഡിസമ്പറിൽ ദേശീയ ജനകീയ കോൺഗ്രസ്സിനു പ്രധാനമന്ത്രി ചൗ എൻ ലായ് സമർപ്പിച്ച റിപ്പോർട്ടിൽ "കാഷ്ഗോല്ലാദനം കഴിഞ്ഞ കാലങ്ങളിലെ ഉയർന്ന നിലവാരത്തിൽ എത്തിച്ചേർന്നതായി" അവകാശപ്പെട്ടിരിക്കുന്നു. ധാന്യങ്ങൾ, പരുത്തി, പുകയില, കരിമ്പ് തുടങ്ങിയവയുടെ ഉല്പാദനം പഞ്ചവത്സരപദ്ധതിയുടെ അവസാനവർഷമായ 1957-ലെ നിലവാരം കൈവരിച്ചതായി അദ്ദേഹം പറഞ്ഞു.

പ്രധാനമന്ത്രിയുടെ റിപ്പോർട്ട് ഇപ്പോഴും തുടരുന്നു: ഉരുക്ക്, പെട്രോളിയം, രാസവളങ്ങൾ, സിമൻറ്, മോട്ടോർ വാഹനങ്ങൾ, പരുത്തിനൂൽ, പഞ്ചസാര, സിഗറ്റ് തുടങ്ങിയ പ്രധാന വ്യവസായങ്ങളിലെ ഉല്പാദനം 1963-നെ അപേക്ഷിച്ച് 1964-ൽ 20 ശതമാനംവർദ്ധിച്ചു. വിപണിയിൽ താരതമ്യേനധാരാളം ഉല്പന്നങ്ങൾ വരുന്നുണ്ട്. എവിടെയും സമൃദ്ധിയുടെ ലക്ഷണങ്ങൾ കാണാൻ കഴിയും.

എന്നാൽ വസ്തുകം ഈ അവകാശവാദങ്ങൾക്ക് കടകവിരുദ്ധമത്രേ.

ഇപ്പോഴത്തെ വിളവെടുപ്പിന്റെ കണക്കുകൾ 1957-ലെക്കാൾ 50 ലക്ഷം ടൺ അധികമാണ്. വർഷം തോറും 140-200 ലക്ഷം എന്ന നിരക്കിൽ ജനസംഖ്യ വർദ്ധിക്കുന്നുകൊണ്ട് ഈ വർദ്ധനവ് സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നില്ല. ചൈനയിൽ ഇന്നും കൃഷി പ്രകൃതിയുടെ സ്ഥിതിവിശേഷങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഭക്ഷ്യധാന്യങ്ങളുടെ വർത്തമാനത്തിലുള്ള ഇറക്കുമതി തുടരുകയാണ്. 80 ശതമാനം ആളുകൾ കൃഷിപ്പണിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ആർജന്റീന, കാനഡ, ആസ്ട്രേലിയ, ഫ്രാൻസ് എന്നിവിടങ്ങളിൽനിന്ന് 50 ലക്ഷം ടൺ ഗോതമ്പും ബാർലിയും ഇറക്കുമതി ചെയ്യുന്നതിനു് ചൈന പ്രതിവർഷം 500 ലക്ഷം ഡോളർ ചെലവഴിക്കുന്നു. 10 ലക്ഷം ടൺ ഗോതമ്പ് ഇറക്കുമതി ചെയ്യുന്നതിനു് ചൈന ഈ കൊല്ലം ആർജന്റീനയുമായി കരാർ ഒപ്പുവെയ്ക്കുകയുണ്ടായി.

ഉരുക്ക്-ലക്ഷ്യവും നേട്ടവും

വ്യവസായ മണ്ഡലത്തിലേയും പുരോഗതി വളരെ മോശമത്രേ. ലക്ഷ്യത്തിൽ നിന്നു വളരെ വളരെ പിന്നിലത്രേ ഉരുക്കുല്പാദനം. ശതമാനാടിസ്ഥാനത്തിൽ ഉയർന്ന ഉല്പാദനം അവകാശപ്പെടാവുന്നതെങ്കിലും 1959-നുശേഷം പിക്കിങ്ങ് ഉല്പാദനക്കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഉരുക്കുല്പാദനം 20 ശതമാനം കണ്ടു വർദ്ധിച്ചുവെന്നു് ചൗ എൻ-ലായ് ദേശീയ ജനകീയ കോൺഗ്രസ്സിൽ പ്രസ്താവിച്ചു. 1963-ലെ ഉല്പാദനം 80 ലക്ഷം ടണ്ണിനിയിരുന്നെന്ന കണക്കാക്കിയാൽ ഇപ്പോഴത്തെ ഉല്പാദനം 100 ലക്ഷം ടണ്ണോളം വരും. മഹത്തായ മുന്നേറ്റത്തിന്റെ കാലത്തെ മുഖ്യമായ മുന്നേറ്റമുള്ള കാതിച്ചുചാട്ടത്തിന്റെ ലക്ഷ്യമായ 350 ടണ്ണിൽനിന്നു് എത്രയോ വിദൂരമാണിതു്.

ഈ കാലയിനെപ്പറ്റി പ്ലാനിങ്ങ് കമ്മീഷന്റെ വൈസ് ചെയർമാൻ ചോ-ഐ-ചോ ഇപ്രകാരം അഭിപ്രായപ്പെട്ടു. ജില്ലാ ഉല്പന്നങ്ങളുടേയും നിലവാരം മികച്ചതായിരുന്നില്ല.. 'അവയ്ക്ക് വൈവിധ്യം കുറവുമായിരുന്നു. ഉല്പാദനം, നമ്മുടെ ആവശ്യങ്ങൾക്ക് തികഞ്ഞില്ല സാധാരണ ഇനം ഉരുക്ക് ആവശ്യത്തിലധികമുണ്ടായിരുന്നു. 180 ലക്ഷം ടൺ സധാരണയിനം ഉരുക്കിനെക്കാൾ 80-100 ലക്ഷം ടൺ മേത്തരം ഉരുക്കാണ് നല്കുന്നതെന്ന് ഞങ്ങൾ പറയാറുണ്ട്. ചൈനീസ് പദ്ധതികളിൽനിന്ന് റഷ്യൻ സാങ്കേതിക വിദഗ്ദ്ധന്മാരെ പെട്ടെന്നു് പിൻവലിച്ചതാണ് ഇതിനു് കാരണമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു.

ചൈനയിൽ വർഷംതോറും ഇടത്തരവും ചെറുതുമായ 40 വൻകിട ഉരുക്കു നിർമ്മാണശാലകളുണ്ടെന്നു് 'ഗ്രേറ്റ്മാസ്സ്' പിന്നീടു നിന്നു ലഭിക്കുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നു. അതിൽ അൻഷാൻ, വുഹാൻ, ബൗട്ടാവു് എന്നിവയാണു്. പ്രധാനം.

അവസാനിക്കാത്ത പോറ നോവു'

അൻഷാനിലേയും വുഹാനിലെയും ഉരുക്കു നിർമ്മാണശാലകൾ വളരെക്കൊല്ലം മുമ്പ് പൂർത്തിയാക്കേണ്ടതായിരുന്നു. ലണ്ടനിലെ സ്റ്റീൽ ടൈംസിന്റെ പ്രതിനിധി പോട്ടോവിലെ ഒരുക്കു നിർമ്മാണശാല സന്ദർശിക്കാൻ നടത്തിയ വിഫലശ്രമം വിവരിച്ചിട്ടുണ്ട്. 1956 ൽ നിർമ്മാണം തുടങ്ങിയെങ്കിലും ഇതു് ഇനിയും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ലെന്നു് അദ്ദേഹം പറയുന്നു.

1958 മുതൽ ക്ഷയിച്ചുവരുന്ന ഗതാഗതസൗകര്യമായ ചൈനീസ് സമ്പദ്വ്യവസ്ഥയുടെ സന്തുലനവികസനത്തിൽ ഒരു പ്രധാന പ്രതിബന്ധമായി നിലകൊള്ളുന്നു. മനുഷ്യരും മൃഗങ്ങളും വലിക്കുന്ന ചെറിയ വണ്ടികളും വള്ളങ്ങളും ആണ് ചൈനയിൽ ഇന്നു് ചരക്കു ഗതാഗതത്തിന്റെ ഭൂരിഭാഗവും വഹിക്കുന്നതു്. പുതിയ ഗതാഗതസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു് പിക്കിങ്ങ് കഴിഞ്ഞ പത്തുകൊല്ലക്കാലമായി കൂടുതൽ പ്രാധാന്യം നൽകിവരുന്നുണ്ടെങ്കിലും 1959 ലെ സമ്പത്തികക്കുഴപ്പത്തിനുശേഷം എല്ലാനിർമ്മാണപ്രവർത്തനങ്ങളും നിശ്ചലമായിരിക്കുന്നു. ഉരുക്കുല്പാദനം 20 ശതമാനം കണ്ടു വർദ്ധിച്ചുവെന്നു് ചൗ എൻ-ലായ് ദേശീയ ജനകീയ കോൺഗ്രസ്സിൽ പ്രസ്താവിച്ചു. 1963-ലെ ഉല്പാദനം 80 ലക്ഷം ടണ്ണിനിയിരുന്നെന്ന കണക്കാക്കിയാൽ ഇപ്പോഴത്തെ ഉല്പാദനം 100 ലക്ഷം ടണ്ണോളം വരും. മഹത്തായ മുന്നേറ്റത്തിന്റെ കാലത്തെ മുഖ്യമായ മുന്നേറ്റമുള്ള കുതിച്ചുചാട്ടത്തിന്റെ ലക്ഷ്യമായ 350 ടണ്ണിൽനിന്നു് എത്രയോ വിദൂരമാണിതു്.

ഈ കാലയിനെപ്പറ്റി പ്ലാനിങ്ങ് കമ്മീഷന്റെ വൈസ് ചെയർമാൻ ചോ-ഐ-ചോ ഇപ്രകാരം അഭിപ്രായപ്പെട്ടു. ജില്ലാ ഉല്പന്നങ്ങളുടേയും നിലവാരം മികച്ചതായിരുന്നില്ല.. 'അവയ്ക്ക് വൈവിധ്യം കുറവുമായിരുന്നു. ഉല്പാദനം, നമ്മുടെ ആവശ്യങ്ങൾക്ക് തികഞ്ഞില്ല സാധാരണ ഇനം ഉരുക്ക് ആവശ്യത്തിലധികമുണ്ടായിരുന്നു. 180 ലക്ഷം ടൺ സധാരണയിനം ഉരുക്കിനെക്കാൾ 80-100 ലക്ഷം ടൺ മേത്തരം ഉരുക്കാണ് നല്കുന്നതെന്ന് ഞങ്ങൾ പറയാറുണ്ട്. ചൈനീസ് പദ്ധതികളിൽനിന്ന് റഷ്യൻ സാങ്കേതിക വിദഗ്ദ്ധന്മാരെ പെട്ടെന്നു് പിൻവലിച്ചതാണ് ഇതിനു് കാരണമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു.

ചൈനയിൽ വർഷംതോറും ഇടത്തരവും ചെറുതുമായ 40 വൻകിട ഉരുക്കു നിർമ്മാണശാലകളുണ്ടെന്നു് 'ഗ്രേറ്റ്മാസ്സ്' പിന്നീടു നിന്നു ലഭിക്കുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നു. അതിൽ അൻഷാൻ, വുഹാൻ, കൊളമ്പ്.—അടുത്തു് കൊളമ്പിൽ അതിരാസകരമായ ഒരു വിപ്ലവം നടക്കുന്നുണ്ട്. വരൻ കൊലമരമേറുന്നതിനുമുമ്പ് തന്റെ അന്തിമാഭിലാഷം നിറവേറ്റപ്പെടുന്നതിനാണ് ഈ വിവാഹം. ഈ മനുഷ്യനെ ഒരു കൊലപാതകത്തെത്തുടർന്നു് കോടതി മരണശിക്ഷക്ക് വിധിച്ചതാണ്. അടുത്തു് അയാളുടെ വധശിക്ഷ നടപ്പിൽ വരുന്നതായിരിക്കും.

കൊലമരം കയറുംമുമ്പ് തനിക്ക വിവാഹിതനാകണമെന്നു് ഇയാൾ ജയിൽ അധികൃതരോടു് അപേക്ഷിച്ചു. അധികൃതർ ആയതു സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

ഇയാളുടെ വധുവിനു നാല്പതുകിടക്കുന്നു. മൃത പുരുഷനു് 10 വയസ്സു് പ്രായമായി. കട്ടികൊ നാലും തന്റെതാണെന്ന അയാളും അവകാശപ്പെട്ടു. പക്ഷേ ആ സ്ത്രീയെ താൻ ഇതുവരെ നിയമപരമായി കല്യാണം ചെയ്തിട്ടില്ലാത്തതിനാൽ മരണത്തിനുമുമ്പു് ഈ സൽക്കർമ്മം നിവ്വഹിക്കണമെന്നാണ് അയാളുടെ ആശ. അങ്ങിനെ അയാൾ കൊല്ലയെഴ് കഴുത്തിൽ വ്യഴ്ന്നതിനുമുമ്പു് തന്റെ പ്രേയസിയുടെ ഗളത്തിൽ വരണമാല്യം അപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. അടുത്ത സൂര്യോദയത്തിൽ അയാൾക്ക് ഈ മഹാഭാഗ്യം ചെയ്യുന്നതിനു കഴിയുന്നതാണ്.

....

പുരോഗതിയുടെ വില

ചൈനയിലെ ജീവിതം ഇപ്പോൾ കുറച്ചൊക്കെ മെച്ചപ്പെട്ടിട്ടുണ്ട്. "മഹത്തായ കുതിച്ചുചാട്ടം" നടന്നില്ലെങ്കിലും ഏതാനും അടി മുമ്പോട്ടുവെച്ചിരിക്കണം. പക്ഷേ ഇതിനു കൊടുക്കേണ്ടിവന്ന വിലയോ? സോഷ്യലിസത്തിലേക്കുള്ള പ്രയാണത്തിൽ ആയിരിക്കണക്കിനു്, അല്ല ലക്ഷക്കണക്കിനു് ആളുകൾ 'ലികിഡേറ്റ്' ചെയ്യപ്പെട്ട. ജനങ്ങളുടെ സ്വാഭാവബോധം നഷ്ടപ്പെട്ടു. സ്വകാര്യം അധർമ്മമായിത്തീർന്നു. മാവോയുടെ ട്രൗഡ്മാക്ക് ഇപ്പോൾനടക്കുന്നു എല്ലാ ഭവനവും പരിശോധിക്കാം. കഴിഞ്ഞ കാലങ്ങളിലെങ്ങും ചൈന അറിഞ്ഞിട്ടില്ലാത്തവിധം ജീവിതം പട്ടാളച്ചിട്ടയ്ക്കു വിധേയമായിരിക്കുന്നു.

ചൈനീസ് നേതാക്കന്മാരുടെ ചിന്താക്കുഴപ്പമാണ് ഇതിൽ ഏറ്റവും അതിശയകരമായ കാര്യം. സാമ്പത്തിക വികസനം ത്വരിതപ്പെടുത്താൻ ഏതു മാർഗ്ഗമാണ് സ്വീകരിക്കേണ്ടതു്?

അവർ പരാജയത്തിന്റെ പാതയിൽ തന്നെ തുടരുമോ? അതോ 'മഹത്തായ കുതിച്ചുചാട്ടത്തിന്റെ കാലത്തെ പോരായ്മകളും വിഡ്ഢിത്തരങ്ങളും ഒഴിവാക്കുമോ?

ചിന്താക്കുഴപ്പം

കാഷ്ക്ക ഉപോല്പന്നങ്ങൾക്ക് സ്വതന്ത്രവിപണി അനുവദിക്കണോ, കൃഷികനെ ഉപതൊഴിലുകൾ വികസിപ്പിക്കാൻ അനുവദിക്കണോ എന്ന് കാര്യങ്ങളിൽ ചൈനീസ് നേതാക്കന്മാർ ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല. മുതലാളിത്തപ്രവണതകൾ വളർത്തുന്നതിനു് ഇവ വഴിതെളിയിക്കുമെന്നു് അവർ ഭയപ്പെടുന്നു.

വ്യാവസായികോല്പന്നങ്ങൾക്ക കരാർ സമ്പ്രദായവും പരിമിതമായ സ്വതന്ത്ര വിപണിയും അനുവദിക്കാമോ? അതിൽ പാർട്ടിയുടെ പങ്ക് എന്തായിരിക്കണം? നിയന്ത്രണം എത്രമാത്രം ആകാം? അതു് പാർട്ടിക്കായിരിക്കണോ വിദഗ്ദ്ധന്മാർക്കായിരിക്കണോ? പിന്നോക്കാവസ്ഥയിലുള്ള കൃഷിയിൽനിന്നു് ആധുനിക വ്യവസായവൽക്കരണത്തിലേയ്ക്കുള്ള പരിവർത്തനത്തിനു് ജാലവിദ്യകളൊന്നുമില്ലെന്നു് ബോദ്ധ്യമായതിന്റെ ഫലമാണിതെല്ലാം.

—

കൊലമരത്തിന്റെ ചോട്ടിൽ ഒരു കല്യാണം

കൊലമരം കയറുംമുമ്പ് തനിക്ക വിവാഹിതനാകണമെന്നു് ഇയാൾ ജയിൽ അധികൃതരോടു് അപേക്ഷിച്ചു. അധികൃതർ ആയതു സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

ഇയാളുടെ വധുവിനു നാല്പതുകിടക്കുന്നു. മൃത പുരുഷനു് 10 വയസ്സു് പ്രായമായി. കട്ടികൊ നാലും തന്റെതാണെന്ന അയാളും അവകാശപ്പെട്ടു. പക്ഷേ ആ സ്ത്രീയെ താൻ ഇതുവരെ നിയമപരമായി കല്യാണം ചെയ്തിട്ടില്ലാത്തതിനാൽ മരണത്തിനുമുമ്പു് ഈ സൽക്കർമ്മം നിവ്വഹിക്കണമെന്നാണ് അയാളുടെ ആശ. അങ്ങിനെ അയാൾ കൊല്ലയെഴ് കഴുത്തിൽ വ്യഴ്ന്നതിനുമുമ്പു് തന്റെ പ്രേയസിയുടെ ഗളത്തിൽ വരണമാല്യം അപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. അടുത്ത സൂര്യോദയത്തിൽ അയാൾക്ക് ഈ മഹാഭാഗ്യം ചെയ്യുന്നതിനു കഴിയുന്നതാണ്.

....

ഡൽഹിയിൽ പോയിരിക്കുന്ന കോളഗവണ്മെന്റ് ശ്രീ. എ. പി, ജെയിൻ മേയ് മന്ത്രിസഭയിൽ തിരിച്ചുവരുന്നതാണ്.

നെല്ലുള്ളവരുടെ റേഷൻകാർഡ്

കന്യാകുമാരി കളക്ടറേറ്റിൽ റേഷൻ കാർഡ് ഹാജരാക്കി തിരുവനന്തപുരം ജില്ലയിലേയ്ക്കു നെല്ല് കൊണ്ടുവരുവാൻ ഏപ്രിൽ 19-നു വരെ പെർമിറ്റ് കിട്ടിയിട്ടുള്ളവർക്ക് അവര

കല്ലോറംകരയിലെ ലേബർ അസോസിയേഷൻ വാർഷികം

ഇന്നു് വിവിധ പരിപാടികളോടെ ആരംഭിയ്ക്കുന്നു

[സ്വ ലേ] കല്ലോറംകര, ഏ 29

ലേബർ അസോസിയേഷന്റെ ഏഴാം വാർഷിക കൺവെൻഷൻ സ്ഥലം സെൻറ്ജോസഫ്സ് നഗറിൽവച്ചു്, രണ്ടു ദിവസത്തെ പരിപാടികളോടുകൂടി നടത്തപ്പെടുന്നതാണെന്നറിയുന്നു. നാളെ [ഏപ്രിൽ 30] വൈകുന്നേരം 5-30 നു് പാതക ഉയർത്തലിനുശേഷം ഉൽഘാടനസമ്മേളനം ആരംഭിക്കും. അതുകഴിഞ്ഞു് ആല്ലർ മൊയലാൻ അനാഥാണി മകനും മേഴ്സിയും തമ്മിലുള്ള വിവാഹം ല്ലർ ഫൊറോനാ പള്ളിയിൽവെച്ചും ബഹുശ്രേഷ്ഠ റപ്പായിയുടെ മകനും സുതു് ഇന്ത്യൻ ബാങ്കിലെ ഒരു ജോലിക്കാരനുമായ പേളിം ചെമ്മുക്കാവുകൊച്ചുപ്പു മകളും പന്ത (കരിയച്ചിറ) യും തമ്മിലുള്ള വിവാഹം കരിയച്ചിറ പള്ളിയിൽവെച്ചും നടന്നിരിക്കുന്നു. ഇതു് സംബന്ധിച്ചു് വരന്മാരുടെ ഗ്രാമത്തിൽ നടത്തപ്പെട്ട സൗഹൃസൽക്കാരങ്ങളിൽ ധാരാളമാളുകളും പങ്കുകൊണ്ടു.

ദേവസ്സി-ഹ്യൂറൻസ്

കടപ്പുശ്ശേരിയിൽ കോക്കോത്തു് പൊലോസിന്റെ മകനും അവിട്ടത്തൂർ മിഡിൽ സ്കൂളിലെ ഒരു അദ്ധ്യാപകനുമായ കെ. പി. ദേവസ്സിയും ഇരിഞ്ഞാലക്കുട കൊക്കാല പൊറ്റെക്കാട്ടിൽ ഹ്യൂറാൻസ്സിന്റെ മകൾ മേരി ഹ്യൂറാൻസും തമ്മിലുള്ള വിവാഹം ഏപ്രിൽ 27-ാംനു- ഇരിഞ്ഞാലക്കുട സെൻറ്മേരീസ് പള്ളിൽ വച്ചു് സമുചിതം നടന്നിരിക്കുന്നു. [സ്വ ലേ]

സഹ: സ്ഥാപനങ്ങളിലെ എക്സ്റ്റ്: ആഫീസർമാരുടെ സമ്മേളനം

കോട്ടയം, ഏപ്രിൽ 29

എല്ലാത്തരം സഹകരണ സ്ഥാപനങ്ങളുടേയും എക്സിക്യൂട്ടീവ് ആഫീസർമാരുടെ കേരളാടിസ്ഥാനത്തിലുള്ള ഒരു കോൺഫ്രൻസ് 1965 മേയ് ഒന്നും, രണ്ടും തിയതികളിൽ കോട്ടയത്തുംവച്ചു് നടത്തപ്പെടുന്നതാണു്.

വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളും പ്രവർത്തകരും തമ്മിൽ പരസ്പരധാരണയും ഐക്യവും സാദ്ധ്യമാക്കുകയാണു് ഈ കോൺഫ്രൻസിന്റെ മുഖ്യമായ ഉദ്ദേശമെന്നും അതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ആഫീസർമാരുടെ സ്റ്റേറ്റാടിസ്ഥാനത്തിലുള്ള ഒരു അസോസിയേഷൻ സ്ഥാപിക്കുന്നതിനെക്കുറിച്ചു് കോൺഫ്രൻസ് പരിഗണിക്കുന്നതാണെന്നും സംഘാടകർ പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

സഹകരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാരും മാനേജർമാരും എക്സിക്യൂട്ടീവ് അധികാരമുള്ള മറ്റു ഉദ്യോഗസ്ഥന്മാരും കോൺഫ്രൻസിൽ സജീവമായി പങ്കെടുക്കണമെന്നു് സംഘാടകർ അഭ്യർത്ഥിച്ചിട്ടുണ്ടു്.

സമ്മേളനങ്ങളിൽ സി. കെ. മാണി, കെ ജി. ഗോപാലകൃഷ്ണൻ, കെ. നാരായണൻ ഐ. എ. എസ്., കൊടുവത്ത് മുണ്ടശ്ശേരി, ഇലങ്കത്തു്, കാട്ടൂർ എന്നിവർ സംബന്ധിക്കും.

....ം....

ചമ്പക്കുളം സെൻറ് ജോസഫ് മിഷൻ ആശുപത്രി

സ്വ ലേ. ചമ്പക്കുളം, ഏ. 29

കഴിഞ്ഞകൊല്ലം ഉൽഘാടനംചെയ്ത ചമ്പക്കുളം സെൻറ് ജോസഫ് മിഷൻ ആശുപത്രിയുടെ പ്രഥമവാർഷികം കൊണ്ടാടിയിരിക്കുന്നു.

പുതുമോടിയ കാലയളവുകൊണ്ടു് കുട്ടനാടൻ ജനതയുടെ ജീവിതത്തിൽ അല്പമെങ്കിലും ആശ്വാസം പകരാൻ ഉപയുക്തമായ ഒരു സ്ഥാപനമാണു് പ്രസ്തുത ആതുരാലയം. ഈ ചികിത്സാലയത്തിൽ സേവനംചെയ്തുകൊണ്ടിരിക്കുന്ന നേഴ്സിംഗ് സിസ്റ്റേഴ്സ് എല്ലാ വിഭാഗത്തിലും പെടുന്നവരുടെ യുക്തകണ്ണമായ പ്രശംസയ്ക്കു പാത്രീഭൂതരായിട്ടുണ്ടു്മേയ് 1 മുൽ ഒരു ഫുൾടൈം ഡോക്ടർകൂടി പ്രവർത്തിച്ചുതുടങ്ങുന്നു എന്നുള്ളതു് ഇതിന്റെ ഭാവിപുരോഗമനത്തിനു വളരെയധികം മുതൽക്കൂട്ടായിരിക്കുമെന്നു് വിശ്വസിക്കുന്നു.

ഇന്നുച്ചയ്ക്കു് ഫാ: ജോസഫ് വാളൻപ്ലാക്കൽ റവ: ഫാ: തോമസ് വാളെപ്പള്ളി ഇവിടെ നിന്നു് കോട്ടപ്പുറം പള്ളിയിലേക്കു് സ്ഥലം മാറി പോകുന്നതു പ്രമാണിച്ചു് ഇന്നലെ വൈകുന്നേരം ഇടവകക്കാരുടെ വകയായി സമുചിതമായ ഒരു യാത്രയയപ്പു് അദ്ദേഹത്തിനു നൽകിയിരിക്കുന്നു.

ഇതു് സംബന്ധിച്ചു് ഇന്നലെ വൈകീട്ടു് പള്ളി അങ്കണത്തുചേർന്ന യാത്രയയപ്പുയോഗത്തിൽ റവ: ഫാ: ജോജ്ജ് ഇട്ടിക്കുന്നത്തു് അദ്ധ്യക്ഷത വഹിക്കുകയും ഫാ: പോളിന്റെ സേവനങ്ങളെ വിശദീകരിച്ചു പലരും സംസാരിക്കുകയുണ്ടായി. ഇടവകക്കാരുടേയും ഭക്തസംഘടനകളുടേയും വകയായി സമുചിതമായി അദ്ദേഹത്തിനു് വിലയേറിയപല ഉപഹാരങ്ങളും സമർപ്പിക്കപ്പെട്ടു. യോഗത്തോടനുബന്ധിച്ചു് വിവിധ കലാപരിപാടികളുമുണ്ടായിരുന്നു.

ഇന്നച്ചനുണ്ണ് ഫാ: വാളേപ്പള്ളിയെ ബോട്ടുമാർഗ്ഗം കോട്ടപ്പുറത്തേക്കു് ആനയിച്ചു.

....ം....

വിവാഹങ്ങൾ

അന്തോണി-ആഗ്നസ്

പോൾ-മരു

കരിയച്ചിറ, ഏ 28

അറങ്ങശ്ശേരി റപ്പായിയുടെ മകനും കാത്തലിക് വിദ്യാർത്ഥി ബാങ്കിലെ ഒരു ജോലിക്കാരനുമായ അന്തോണിയും കല്ലർ മൊയലൻ അനാഥാണി മകനും മേഴ്സിയും തമ്മിലുള്ള വിവാഹം കല്ലർ ഫൊറോനാ പള്ളിയിൽവെച്ചും ബഹുശ്രേഷ്ഠ റപ്പായിയുടെ മകനും സുതു് ഇന്ത്യൻ ബാങ്കിലെ ഒരു ജോലിക്കാരനുമായ പേളിം ചെമ്മുക്കാവുകൊച്ചുപ്പു മകളും പന്ത (കരിയച്ചിറ) യും തമ്മിലുള്ള വിവാഹം കരിയച്ചിറ പള്ളിയിൽവെച്ചും നടന്നിരിക്കുന്നു. ഇതു് സംബന്ധിച്ചു് വരന്മാരുടെ ഗ്രാമത്തിൽ നടത്തപ്പെട്ട സൗഹൃസൽക്കാരങ്ങളിൽ ധാരാളമാളുകളും പങ്കുകൊണ്ടു.

ദേവസ്സി-ഹ്യൂറൻസ്

കടപ്പുശ്ശേരിയിൽ കോക്കോത്തു് പൊലോസിന്റെ മകനും അവിട്ടത്തൂർ മിഡിൽ സ്കൂളിലെ ഒരു അദ്ധ്യാപകനുമായ കെ. പി. ദേവസ്സിയും ഇരിഞ്ഞാലക്കുട കൊക്കാല പൊറ്റെക്കാട്ടിൽ ഹ്യൂറാൻസ്സിന്റെ മകൾ മേരി ഹ്യൂറാൻസും തമ്മിലുള്ള വിവാഹം ഏപ്രിൽ 27-ാംനു- ഇരിഞ്ഞാലക്കുട സെൻറ്മേരീസ് പള്ളിൽ വച്ചു് സമുചിതം നടന്നിരിക്കുന്നു. [സ്വ ലേ]

മഹിളാകൃഷിപ്പു് ഉൽഘാടനംചെയ്തു

അന്തിക്കാടു്, ഏപ്രിൽ 29

അന്തിക്കാടു് വീകസന ബ്ലോക്കിന്റ ആഭിമുഖ്യത്തിൽ മണലൂർ ഹൈസ്കൂളിൽ ഇന്നു് ഒരു മഹിളാപരിശീലനകൃഷിപ്പു് ആരംഭിച്ചിരിക്കുന്നു. ഇന്നലെ രാവിലെ ബ്ലോക്ക് ഡവലപ്പുമെന്റ് ആഫീസർ ആർ. വൈക്കട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽവച്ചു് ബ്ലോക്ക് യൂണിയൻ മഹിളാസമാജം പ്രസിഡണ്ടു് ശ്രീമതി സുശീലാ സുരേന്ദ്രൻ കൃഷിപ്പു് ഉൽഘാടനംചെയ്തു. ഏപ്രിൽ നാലു (വെള്ളിയാഴ്ച) വൈകുന്നേരം അഞ്ചുമണിക്കു് ആർ. ടി. സി. പ്രിൻസിപ്പാൾ ശ്രീ. എം. കൊച്ചുണ്ണി മേനോന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പൊതുയോഗത്തോടെ കൃഷിപ്പു് സമാപിക്കുന്നതാണു്.

—ം—

തൃശൂർജില്ലയിലെ ഹരിജനക്ഷേമപ്രവർത്തനം

ഒന്നേമുക്കാൽലക്ഷം രൂപാ ചിലവഴിച്ചു

തൃശൂർ, ഏപ്രിൽ 29

തൃശൂർജില്ലയിലെ ഹരിജനക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1,78,913 രൂപാ ചിലവഴിക്കുകയുണ്ടായി. അതിൽ പട്ടികജാതിക്കാരുടെ ഭവനനിർമ്മാണത്തിനു മാത്രമായി 44,100 രൂപാ ചിലവഴിച്ചു. 78,180 രൂപാ വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻഡിനുവേണ്ടിയാണു് ചിലവായതു്. പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണം, ആരോഗ്യസംരക്ഷണം തുടങ്ങിയുള്ള പദ്ധതികൾക്കു് 14,800 രൂപാ ചിലവായി. ബാക്കി സംഖ്യ മാറ വിവിധഇനങ്ങളിലായി ചിലവഴിക്കപ്പെട്ടു.

....ം....

വാർഷികങ്ങൾ

പാറന്തൂർ, ഏപ്രിൽ 29

കൈരളി ആർട്ട്സ് ആൻറ് സ്പോർട്ട്സിന്റെ വാർഷികം മെയ് ഒന്നിനു് നടത്തപ്പെടുന്നതാണു്. സദാശിവ ശാസ്ത്രി, തോമസ് പാറന്തൂർ, പി. കുഞ്ഞിരാമൻ എന്നിവർ പ്രസംഗിക്കുന്നതായിരിക്കും. വിവിധ കലാപരിപാടികളും 'കറുത്ത വെളിച്ചം' എന്ന നാടകവുമുണ്ടായിരിക്കുന്നതാണു്.

കററിക്കാടു്— സ്ഥലത്തെ നേതാജി ക്ലബ്ബിന്റെ വാർഷികടിനാഘോഷം കെ. കെ. ജോസിന്റെ അദ്ധ്യക്ഷതയിൽ വിവിധ കലാപരിപാടികളോടെ കൊണ്ടാടിയിരിക്കുന്നു. തദവസരത്തിൽ സി. എം. കട്ടൻ ബി. എ; പി. കെ. പോൾ എന്നിവർ പ്രസംഗിച്ചു. സിക്രട്ടറി വി. കെ. ഭാസ്കരൻ റിപ്പോർട്ടു് സമർപ്പിച്ചു. പി. ഐ. ജോജ്ജ് സദസിനു് സ്വാഗതമാശംസിച്ചു. പൊതുയോഗാനന്തരം പരിയാരം പഞ്ചായത്തു് വാഴ്സിക്കത്തോടനുബന്ധിച്ചു നടത്തിയ ഏകാങ്ക മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ 'നീറുന്ന ഹൃദയങ്ങൾ' എന്ന ലഘുനാടകവും 'ത്യാഗത്തിന്റെ ബലിപീഠത്തിൽ' എന്ന സാമൂഹ്യ സംഗീതനൃത്ത നാടകവും ക്ലബ്ബ് അംഗങ്ങൾ അവതരിപ്പിച്ചു.

മണ്ണംപേട്ട— സ്ഥലത്തെ പള്ളിയിലെ ക്ഷേത്രസംഘടനകളുടെ വാർഷികയോഗം മേയ് രണ്ടിനു് റൈറ്റ് റവ. ഡോ. ജോജ്ജ് ആലപ്പാട്ടു് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണു്. റവ. ഫാ. ജി. മത്തായി, പ്രൊഫ. സി. എൽ. ആൻറണി എം. എ. എന്നിവർ പ്രസംഗിക്കുന്നതായിരിക്കും. സമ്മേളനത്തോടനുബന്ധിച്ചു് വിവിധ കലാപ്രകടനങ്ങൾക്കു് പുറമെ 'കറുത്ത വെളിച്ചം' എന്ന നാടകവും ഉണ്ടായിരിക്കുന്നതാണു്.

പാർലമെൻറിൽനിന്നു്

ന്യൂഡൽഹി, ഏ. 23

പരേതനായ പ്രധാനമന്ത്രി ശ്രീ നെഹ്രുവിന്റെ ജീവിതത്തെ സംബന്ധിച്ചു കൂടുതൽ അധികാരമുള്ള കുതികളും അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടേയും കുതികളുടേയും കൂടുതൽ അധികാരമുള്ള പതിപ്പുകളും പ്രസിദ്ധീകരിക്കാൻ ഗവണ്മെന്റിനു് ഉദ്ദേശ്യമുണ്ടോ എന്നു് വാത്സവിറണ-പ്രക്ഷേപണ വകുപ്പുമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഇന്നു് ലോക്സഭയിൽ പ്രസ്താവിച്ചു.

പ്രസിദ്ധീകരണവിഭാഗം ജവഹർലാൽ നെഹറുവിന്റെ പ്രസംഗങ്ങളുടെ അധികം വാല്യത്തിന്റെ പണിയിലേർപ്പെട്ടിരിക്കുകയാണെന്നു് അവർ തുടർന്നു പറഞ്ഞു. നെഹ്റു വിദേശകാര്യങ്ങളെപ്പറ്റി 1946 മുതൽ 1961 വരെയുള്ള കാലത്തു് ചെയ്ത പ്രസംഗങ്ങളടങ്ങിയ 'ഇന്ത്യയുടെ വിദേശനയം' പുറത്തിക്കി പ്രസിദ്ധീകരിക്കുന്നുമാണു്. നെഹ്റു ആസൂത്രണം, വികസനം എന്നിവ സംബന്ധിച്ചു ചെയ്ത പ്രസംഗങ്ങളും തിരഞ്ഞെടുക്കുന്നതും പ്രസാധനം ചെയ്യുന്നതും സംബന്ധിച്ച പ്രവർത്തനം പുരോഗമിച്ചുവരുന്നു. നെഹ്റുവിന്റെ സമ്പൂർണ്ണകൃതികളും വാല്യങ്ങളായി പ്രസിദ്ധീകരിക്കുന്നതും ഉദ്ദേശ്യമുണ്ടെന്നു് അവർ അറിയിച്ചു.

ശ്രീ രാമചന്ദ്രൻപിള്ളയ്ക്കിന്റെയും ശ്രീ വീരഭദ്രയ്യുടെയും ചോദ്യത്തിനു് മറുപടി പറയുകയായിരുന്നു ശ്രീമതി ഗാന്ധി.

ഡോ: പ്രസാദിനെപ്പറ്റി ചലച്ചിത്രം

ഡോ: രാജേന്ദ്രപ്രസാദിന്റെ ജീവിതത്തെപ്പറ്റി ഒരു ചലച്ചിത്രം നിർമ്മിക്കാൻ രാജ്യസ്മാരക ചലച്ചിത്ര സമിതി തീരുമാനിച്ചിട്ടുണ്ടു് എന്നു് ശ്രീ പി സി. ബറുവയേയും മറ്റു അഭ്യംഗങ്ങളേയും ശ്രീമതി ഗാന്ധി അറിയിച്ചു. ഈ ചലച്ചിത്രം നിർമ്മിക്കുന്നതിനു് ഡോ: രാജേന്ദ്രപ്രസാദിന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പടങ്ങളുടേയും സ്റ്റോക്ക് ഷോട്ടുകളുടെയും കാരോപ്രതി നൽകാൻ സമിതി ഗവണ്മെന്റിനെ സമീപിച്ചിട്ടുണ്ടു്. ഇവ സമിതിയ്ക്കു് സൌജന്യമായി നൽകണമോ എന്നകാര്യം ഗവണ്മെന്റ് പരിഗണിക്കുന്നതാണു്. ചലച്ചിത്രം നിർമ്മിക്കുന്നതിനു് സമിതി ധനസഹായം ആവശ്യപ്പെട്ടിട്ടില്ല. ഗവണ്മെന്റുമായി അതു് എന്തെങ്കിലും ഉടമ്പടിയിലേപ്പെട്ടിട്ടുമില്ല.

കുടിയിറക്കപ്പെട്ട 27 കുടുംബങ്ങൾ പെരുവഴിയിൽ

3 മാസമായി വെയ്ലും മഴയും മഞ്ഞുംകൊണ്ടു് മരച്ചുവട്ടിൽ ജീവിക്കുന്ന ആ മനുഷ്യജീവികളുടെ നേരെ ജെയിൽ സർക്കാരും കണ്ണടയ്ക്കുന്നു

(സ്വ ല) വാഴത്തോപ്പു്, ഏ 28

1965 ജനുവരി മുപ്പതാംതിയതി വാഴത്തോപ്പിലുള്ള 27 കുടുംബങ്ങളെ കുടിയിറക്കുദ്യോഗസ്ഥന്മാർപൊതുവഴിയിൽ ഇറക്കിവിട്ടിട്ടുപോയി. വാഴത്തോപ്പിൽ കുടിയൊഴുത്തനെന്നു് അധികൃതസ്ഥാനങ്ങളിൽ തുടരെ തുടരെ നിവേദനങ്ങളും സമർപ്പിച്ചു എങ്കിലും വനസംരക്ഷകർ അതു് അനുവദിച്ചില്ല. മരച്ചുവട്ടിലുംകടത്തിണ്ണയിലും കഴിഞ്ഞുകൂടുന്ന ഇവർക്കു് മഴയാരംഭിച്ചതോടെ അവിടം ഉപേക്ഷിക്കേണ്ടതായി വന്നിരിക്കുകയാണു്. ഉദ്യോഗസ്ഥന്മാരിൽനിന്നും യാതൊരുവിധ നീതിയും ലഭിക്കുകയില്ലെന്നു് ബോദ്ധ്യം വന്നതോടെ കൃഷിക്കാരുടെ പ്രതിനിധികം മാർച്ചു് മുപ്പതാംതിയതി തിരുവനന്തപുരത്തുചെന്നു് ഉദ്യോഗസ്ഥന്മാർ മുമ്പു് കൊടുക്കാമെന്നു പറഞ്ഞ കുത്താട്ടുകുളത്തെങ്കിലും സ്ഥലം കൊടുത്തു് അവരെ കുടിയിരുത്തണമെന്നു് ബന്ധപ്പെട്ട അധികാരികളുടെ അടുത്തു് നിവേദനം സമർപ്പിച്ചു. മണിക്കുകൊക്കകം കുടിയിരുത്തിക്കൊള്ളാമെന്നു് നിവേദകക്കു് മറുപടി ലഭിച്ചു.

മണിക്കുകൊക്കം മാസങ്ങളായിട്ടും ഇന്നും ഇവർ മഴ നനഞ്ഞു് രോഗികളായി മരച്ചുവട്ടിലും കടത്തിണ്ണയിലും കഴിഞ്ഞുകൂടുകയാണു്. സക്കാരാഫീസുകളിൽനിന്നും നീതിലഭിക്കണമെങ്കിൽ കണ്ടുകാര്യ സമർപ്പിക്കണമെന്ന പ്രസിദ്ധിയാണല്ലോ ഈ നാട്ടിൽ ഇപ്പോൾ ശക്തിൽ ബഹു. ഗവണ്മെന്റ് ഇടപെട്ടു് വേണ്ട പരിഹാരം ഉണ്ടാക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

—

എറണാകുളംജില്ലയിലെ ഭവനനിർമ്മാണം

കഴിഞ്ഞവർഷം 14ലക്ഷം രൂപാ ചിലവഴിച്ചു

(സ്വ ലേ) എറണാകുളം, ഏ. 29

എറണാകുളം ജില്ലയിലെ വിവിധ ഭവനനിർമ്മാണ പദ്ധതികൾക്കുവേണ്ടി ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 14,07632-രൂപാ ചെലവഴിയിച്ചിരിക്കുന്നു.

ഇതിൽ 136023 രൂപ വ്യവസായത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണപദ്ധതിക്കും 31407 രൂപ സെറാമിൽമെൻറ് പദ്ധതിയ്ക്കും 169536രൂപ കറഞ്ഞ വരുമാനക്കാർക്കു് ഭവനനിർമ്മാണ വായ്പനൽകുന്നതിനും 67150-രൂപ ഇടത്തരം വരുമാനക്കാർക്കു് ഭവനനിർമ്മാണവായ്പനൽകുന്നതിനും 94395 രൂപ വില്ലേജ് ഹൗസിംഗ് പ്രൊജക്ടിനും, 5600 രൂപ മുനിസിപ്പൽ തൊഴിലാളികളുടെ ഭവനനിർമ്മാണപദ്ധതിയ്ക്കും 903520 രൂപ ഇളകുകല്ലുകൊണ്ടുള്ള വീടുകൾ നിർമ്മിക്കാൻവേണ്ടി ഭൂമി നികത്തി എടുക്കുന്നതിനും വേണ്ടിയാണു് ചെലവഴിച്ചതു്.

1492970 രൂപയാണു് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ ഭവനനിർമ്മാണപദ്ധതികൾക്കുവേണ്ടി എറണാകുളം ജില്ലയ്ക്കു് അലോട്ടുചെയ്തിരുന്നതു്. ഈ തുക ഏതാണ്ടു മുഴുവനായിത്തന്നെ ഉപയോഗപ്പെടുത്തിയിട്ടുണ്ടു്.

....ം....

ചമ്പക്കുളം മൂലം വള്ളംകളി

ജൂൺ 14നു് നടത്തപ്പെടും

ചമ്പക്കുളം, ഏ. 29

ചരിത്ര പ്രസിദ്ധമായ ചമ്പക്കുളംമൂലം വള്ളം കളി ജൂൺ 14-ാംനു- കൊണ്ടാടുന്നതാണെന്നറിയുന്നു.

ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായും കുട്ടനാടു് തഹസീൽദാർ കൺവീനറായുമുള്ള ഒരു കമ്മറ്റിയാണു് പ്രസ്തുത ആഘോഷങ്ങളുടെ മുതല വഹിക്കുന്നതു്. (സ്വ ലേ)

മാസ്റ്റർ എന്നിവർ പ്രസംഗിക്കുന്നതായിരിക്കും. വിവിധ കലാപരിപാടികളും 'കറുത്ത വെളിച്ചം' എന്ന നാടകവുമുണ്ടായിരിക്കുന്നതാണു്.

കററിക്കാടു്— സ്ഥലത്തെ നേതാജി ക്ലബ്ബിന്റെ വാർഷികടിനാഘോഷം കെ. കെ. ജോസിന്റെ അദ്ധ്യക്ഷതയിൽ വിവിധ കലാപരിപാടികളോടെ കൊണ്ടാടിയിരിക്കുന്നു. തദവസരത്തിൽ സി. എം. കട്ടൻ ബി. എ; പി. കെ. പോൾ എന്നിവർ പ്രസംഗിച്ചു. സിക്രട്ടറി വി. കെ. ഭാസ്കരൻ റിപ്പോർട്ടു് സമർപ്പിച്ചു. പി. ഐ. ജോജ്ജ് സദസിനു് സ്വാഗതമാശംസിച്ചു. പൊതുയോഗാനന്തരം പരിയാരം പഞ്ചായത്തു് വാഴ്സിക്കത്തോടനുബന്ധിച്ചു നടത്തിയ ഏകാങ്ക മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ 'നീറുന്ന ഹൃദയങ്ങൾ' എന്ന ലഘുനാടകവും 'ത്യാഗത്തിന്റെ ബലിപീഠത്തിൽ' എന്ന സാമൂഹ്യ സംഗീതനൃത്ത നാടകവും ക്ലബ്ബ് അംഗങ്ങൾ അവതരിപ്പിച്ചു.

മണ്ണംപേട്ട— സ്ഥലത്തെ പള്ളിയിലെ ക്ഷേത്രസംഘടനകളുടെ വാർഷികയോഗം മേയ് രണ്ടിനു് റൈറ്റ് റവ. ഡോ. ജോജ്ജ് ആലപ്പാട്ടു് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണു്. റവ. ഫാ. ജി. മത്തായി, പ്രൊഫ. സി. എൽ. ആൻറണി എം. എ. എന്നിവർ പ്രസംഗിക്കുന്നതായിരിക്കും. സമ്മേളനത്തോടനുബന്ധിച്ചു് വിവിധ കലാപ്രകടനങ്ങൾക്കു് പുറമെ 'കറുത്ത വെളിച്ചം' എന്ന നാടകവും ഉണ്ടായിരിക്കുന്നതാണു്.

വി. യൗസേപ്പിന്റെ തിരുനാൾ

ചമ്പക്കുളം, ഏ. 29

ചമ്പക്കുളം കൊണ്ടാക്കൽ കപ്പേളയിലെ വിശുദ്ധ യൗസേപ്പു പിതാവിന്റെ തിരുനാൾ മെയ് 2-ാം തീയതി ആർഭാടപൂർവ്വം കൊണ്ടാടുന്നതാണു്.

തിരുനാളിനോടനുബന്ധിച്ചു് ശ്രീ. വി. എൽ. തോമസ്സ് 'സുവിശേഷവും സാമൂഹ്യപ്രശ്നങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗം ചെയ്യുന്നതാണു്. [സ്വ ലേ]

ഇന്ത്യയ്ക്കു് ഒരു ലക്ഷം ടൺ ജോവർ

ന്യൂഡൽഹി ഏ. 29

പി. എൽ. 480 പ്രകാരം അമേരിക്ക 100000 ടൺ ജോവർ ഇന്ത്യക്കു് നൽകുന്നതാണു്. ഗുജറാത്തു്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾക്കും ഭക്ഷ്യ ധാന്യങ്ങൾക്കു് ക്ഷാമമുള്ള മറ്റു സംസ്ഥാനങ്ങൾക്കും ഇതു വിൽക്കപ്പെടും.

ഇന്ത്യയും അമേരിക്കയും 1964 സെപ്തംബർ 30-ാംനു- ഒപ്പുവെച്ച ഒമ്പതാമത്തെ പി. എൽ. 480 കരാർ ഭേദഗതി ചെയ്യുന്ന കരിപ്പകം ഇന്നിവിടെ കൈമാറപ്പെട്ടു. 40 ലക്ഷം ടൺ ഗോതമ്പു് നൽകാൻ ഈ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിൽ 80000 ടൺ ഗോതമ്പിനുപകരം 100000 ടൺ മൈലോ നൽകാൻ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു.

പ്രതിമാസം 700000 ടൺ എന്ന നിരക്കിലാണു് അമേരിക്ക ഇപ്പോൾ ഗോതമ്പു നൽകിവരുന്നതു്.

—

എറണാകുളം ജില്ലയിലെ സഹ:പ്രവർത്തനങ്ങൾ 10 ലക്ഷം ചിലവഴിച്ചു.

എറണാകുളം ഏ. 28

എറണാകുളം ജില്ലയിൽ സഹകരണമേഖലയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 10, 11600 രൂപ ചെലവഴിച്ചതായി കൊ-ഓപ്പറേറ്റീവ് ഡെപ്യൂട്ടി രജിസ്ട്രാടെ ഒരു റിപ്പോർട്ടിൽ പറയുന്നു. 10,03,000രൂപമാത്രമാണു് സഹകരണപ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അലോട്ടു ചെയ്തിരുന്നതു പക്ഷെ 8600 രൂപകൂടി അധിക ജില്ലാവികസനത്തിനുവേണ്ടി കൂടുതലായി ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ടു്. പറവൂരിൽ ആരംഭിച്ച മാക്കറോണി സംഘവും എറണാകുളത്തെ ഭവന നിർമ്മാണ സഹകരണ സംഘവും സിപ്പർട്ടുമെൻറിന്റെ അഭിമാനാർഹങ്ങളായ രണ്ടു നേട്ടങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

....ം....

ഡാക്കേയുടെ ആവശ്യം

(പി. ടി. ഐ) പാട്നാ, ഏ. 28

ആംഗ്ലോ-അമേരിക്കൻ ആയുധങ്ങളേയും സഹായങ്ങളേയും ആശ്രയിക്കുന്ന ശാസ്ത്രി ഗവണ്മെന്റിന്റെ നയം മാറണമെന്നു് വലതു കമ്മ്യൂ. പാർട്ടി നേതാവായ എസ്. എ. ഡാങ്കേ ആവശ്യപ്പെട്ടിരിക്കുന്നു. ഗവണ്മെന്റു് തലത്തിലും ഭരണതലത്തിലുമുള്ള എല്ലാ അമേരിക്കൻ പ്രവണതകളേയും തുരത്തി രാജ്യത്തെ രക്ഷിയ്ക്കണം.

പ്രധാനമന്ത്രിക്കയച്ച ഒരു കമ്പിസന്ദേശത്തിലാണു് ഡാങ്കേ ഇപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതു്.

....ം....

മൈദാമാവില്ലാത്തതിനാൽ ബിസ്കറ്റ് ഫാക്ടറി കാൽ സ്തംഭനത്തിൽ

സ്വ ലേ ഇരിങ്ങലക്കുട, ഏ. 28

ഏതാണ്ടു ഒരു മാസത്തോളമായിട്ടു് മൈദാമാവു കിട്ടാത്തതിനാൽ ഇവിടെയുള്ള രണ്ടിട്ടവ്യാപാരം വേണ്ടവിധം നടക്കുന്നില്ല. വ്യാപാരികളെല്ലാം തന്മൂലം വിഷമത്തിലായിരിക്കുകയാണു്. ഇപ്പോൾ കരെ മൈദാമാവു് ഹോൾസെയിൽ വ്യാപാരിവശം എത്തിച്ചേന്നിട്ടുണ്ടെങ്കിലും റേഷൻ കാർഡർമാർക്കുത്തിനാൽ മാത്രം ലഭിക്കുവാൻ മാർഗ്ഗമില്ലാതെയാണിരിക്കുന്നതു്. എന്തായാലും ബിസ്കറ്റ് ഫാക്ടറികളെല്ലാം സ്തംഭനത്തിലായിട്ടുണ്ടു്.

അട്ടിപ്പേറ്റി തിരുമേനിക്കു് എളൂരിൽ സ്വീകരണം

എളൂർ, ഏ. 28

കഴിഞ്ഞദിവസം - ഇവിടെയെത്തിയ മോ. റവ. ഡോ: അട്ടിപ്പേറ്റി തിരുമേനിക്കു് ഇടവക്കാരുടേയും സ്ഥാപനങ്ങളുടേയും മറ്റുമായി നിരവധി സ്വീകരണങ്ങൾ ലഭിക്കുകയുണ്ടായി.

എളൂർ ടി. സി. സി.യുടെ പടിക്കൽ എത്തിയ തിരുമേനിയെ റവ. സി. സി. യുടെ വകയായി പ്രത്യേകം സജ്ജമാക്കിയിരുന്ന പന്തലിൽ വെച്ചു് മാനേജിംഗ് ഡയറക്ടർ മി. ചാക്കണ്ണി സ്വീകരിച്ചു. അതിനുശേഷം മാനേജ്മെൻറ് അംഗങ്ങളെ തിരുമേനിക്കു് മി. ചാക്കണ്ണി പരിചയപ്പെടുത്തുകയുണ്ടായി. കരിമരുന്നുപ്രയോഗവുമുണ്ടായിരുന്നു. കുറച്ചു സമയം തിരുമേനി ചാക്കണ്ണിയുമായി സംസാരിച്ചു. എം. കെ. കെ. നായരുടെ അഭാവത്തിൽ പോൾ പോത്തൻ തിരുമേനിയെ സ്വീകരിച്ചു. ഫാക്ടറിന്റെ സ്വീകരണപ്രവർത്തനങ്ങൾക്കു് മാനേജർ പി. കെ. വി. എം. നായർ തിരുമേനിയെ സ്വീകരിച്ചു. ഫാക്ടറിന്റെ സ്വീകരണത്തിനും സന്ദർശനത്തിനും ശേഷം തിരുമേനി മഞ്ഞുമ്മലിലേയ്ക്കു പോയി. അവിടത്ത

തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസ് അനങ്ങാമൂരിനയം ഉപേക്ഷിക്കണം

ഹോട്ടലുടമസ്ഥസംഘം പ്രസിഡണ്ടിന്റെ പ്രസ്താവന

[സ്വ പ്ര] തൃശ്ശൂർ, ഏപ്രിൽ 29

അനുവദിച്ച കോട്ടാപ്രകാരമുള്ള അരിക്ക് പെർമിറ്റാകാൻ കിട്ടാൻ താലൂക്ക് സപ്ലൈ ആഫീസ് വരുത്തുന്ന കാലതാമസംമൂലം യങ്ങൾ നിരവധി വിഷമതകൾ അനുഭവിച്ചുവരുന്നുവെന്ന് തൃശ്ശൂർ ജില്ലാ ഹോട്ടലുടമസംഘം പ്രസിഡണ്ട് ഇന്ന് പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ പറയുന്നു.

പ്രസ്താവന തുടരുന്നു:

'ആഴ്ചതോറും തൽകിവരുന്ന പെർമിറ്റാകും അളവുകളുടെ അവസാനത്തെ ദിവസമായാൽ പോലും അനുവദിച്ചകിട്ടാത്ത ഒരു പരിതസ്ഥിതിയാണിപ്പോഴുള്ളത്. അധികൃതരെ സമീപിച്ച ഭാസോസിയേഷൻ ഭാരവാഹികൾ ഈ ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാകാൻ ആവശ്യപ്പെട്ടപ്പോൾ ക്ലാർക്കിലു, ക്ലാർക്ക് ലീവാണ്', മാവിന് വില നിശ്ചയിച്ചിട്ടില്ല' എന്നൊക്കെയാണ് മറുപടികിട്ടുന്നത്. ഈ മാസം 1-ാംതീയതി കിട്ടേണ്ടുന്ന കോട്ട ആഴ്ച കഴിഞ്ഞശേഷം കഴിഞ്ഞ മാസത്തെ ബാക്കി നിൽക്കുന്നതും ചേർത്താണ് എഴുതികിട്ടിയിട്ടുള്ളത്. മൂന്നുമടങ്ങ് ആഴ്ച അതായത് ഈ ഏപ്രിൽ 22-ാംതീയതിയായ കോട്ട ഇതുവരെയുള്ളതുപോലെ കിട്ടിയിട്ടില്ല. അസോസിയേഷൻ ഭാരവാഹികൾ അഖിലകേരള ഉടമസ്ഥസംഘം പ്രതിനിധികളോടൊപ്പംതന്നെയും സംസ്ഥാനധനകാര്യമന്ത്രിയെ തിരുവനന്തപുരത്തുവെച്ച് അഡൈവസറേയും, സിവിൽ സപ്ലൈ കമീഷണറേയും കണ്ട് നിലവിലുള്ള ദുരിതങ്ങളുടെ ഗൗരവം ബോധ്യപ്പെടുത്തുകയും അനുഭാവപൂർണ്ണമായ നടപടികൾ ഉടനെ സ്വീകരിക്കാമെന്ന് അവർ ഉറപ്പുതരികയും ചെയ്തിരുന്നു. എന്നാൽ ഇതുവരെയും ഒരു നടപടിയും ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ഹോട്ടൽവ്യവസായം തന്നെ തകർച്ചയുടെ വക്കിലാണ്. ഭക്ഷണസാധനങ്ങൾ അനുവദിക്കുന്ന തിന്റെ പകുതിയോളം ഉള്ളതുപോലും യഥാസമയം വിതരണം ചെയ്യുന്നതിനോ അനുവദിക്കുന്ന മാസത്തിൽ തന്നെ അതുമുഴുവൻ 30 ദിവസവും ഹോട്ടൽകാർ താലൂക്കാഫീസിൽ കയറിയിറങ്ങുന്ന അനുഭവമാണിന്നുള്ളത്. ഈ വിഷമതകൾ വേണ്ടപ്പെട്ടവർ മനസ്സിലാക്കി ഉടനടി തക്കതായ പരിഹാരം കണ്ടെത്തുമെന്നും തൃശ്ശൂർ പൂരത്തിനു് അരി, മാവ്, ഗോതമ്പ്, റവ, പഞ്ചസാര, മുതലായവ സ്പെഷൽകോട്ട ഉടനെ അനുവദിച്ചുതരുവാനും അഭ്യർത്ഥിക്കുന്നു.

....

കളവുകേസ്സിൽപെട്ട പോലീസുകാർ അറസ്റ്റിൽ

(പി ടി ഐ) മദിരാശി ഏ. 29

കഴിഞ്ഞ ഞായറാഴ്ച രാത്രി സിറ്റിയിലെ ഒരു റോഡ്വക്കിൻ നടന്ന ഒരു മോഷണത്തോടനുബന്ധിച്ച് 4 പോലീസുകാരെ അറസ്റ്റ് ചെയ്തിരിക്കുന്നതായി ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ പത്രലേഖകരെ അറിയിച്ചിരിക്കുന്നു.

ലോറിഷെഡ്സിൽ ജോലി ചെയ്യുന്ന ഒരു ക്ലർക്കിനെ റോഡിൽവെച്ച് പോലീസുകാർ തടഞ്ഞുനിർത്തുകയും അയാളുടെ കൈവശമുള്ള പണം അവരെ എല്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തുവത്രെ. ഈ ക്ലർക്കിന്റെ കൈവശം 30 രൂപയ്ക്കുമേലായിരുന്നുവത്രെ. ക്ലാർക്ക്, തന്റെ മുതലാളിയുടെ പരാതികൊടുത്തു. മുതലാളി ഇക്കാര്യം പോലീസ് കമ്മീഷണറെ അറിയിച്ചു. ഇതു സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഏല്പിക്കപ്പെട്ടിരുന്ന ഒരു അസിസ്റ്റൻറ് കമ്മീഷണർ ഐ. പി. സി. 392-ാം വകുപ്പുപ്രകാരം കേസ്സെടുത്തു. തുടർന്നുള്ള അന്വേഷണത്തിൽ പോലീസുകാരായ ഏഴുപേർ കുറ്റക്കാരാണെന്നു കണ്ടെത്തുകയും അവരിൽ നാലുപേരെ അറസ്റ്റുചെയ്യുകയുണ്ടായി.

ഇൻഫർമേഷൻ ഓഫീസുടെ അറിയിപ്പും എംപ്ലോയ്മെൻറ് ഓഫീസിലെ തെരഞ്ഞെടുപ്പും

മെമ്പർ സ്പെഷ്യൽ പോലീസിൽ ബ്ലഡ്ഗ്രൂപ്പ് ബോയിസ് ആയി തെരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്ന ആലപ്പുഴ ജില്ലയിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഏപ്രിൽ 30 നകം ക്ലാസ്സുമുമ്പായി വയസ്സ്, വിദ്യാഭ്യാസയോഗ്യതകൾ മുതലായവയുടെ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആലപ്പുഴ എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൽ ഹാജരാകണമെന്ന് എംപ്ലോയ്മെൻറ് ആഫീസർ ആവശ്യപ്പെടുന്നതായി അറിയിച്ചുകൊണ്ട് ആലപ്പുഴ ജില്ലാ ഇൻഫർമേഷൻ കാഫീസറുടെ ഒരു പ്രസ്സ്റിലീസ് ഇവിടെ കിട്ടിയിരിക്കുന്നു. ഈ പ്രസ്റിലീസ് 28-4-65നാണ് ആലപ്പുഴ ഇൻഫർമേഷൻ ആഫീസിൽനിന്നും അയച്ചിരിക്കുന്നത്. 30നു് മുമ്പ് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷകർ ആലപ്പുഴ എംപ്ലോയ്മെൻറിൽ ഹാജരായാലേ അവർക്ക് തെരഞ്ഞെടുപ്പിനു് അർഹതയുണ്ടാകൂ.

28നു് പുറത്തിറക്കിയ ഒരു പ്രസ്റിലീസ് ആലപ്പുഴ പത്രങ്ങളിലുണ്ടെങ്കിൽപോലും 29 നവരികയുള്ള. മറ്റുപ്രദേശത്തെപത്രങ്ങളിൽ അത് 30നോ അടുത്ത മാസത്തിലോ ആയിരിക്കും വരിക. അപ്പോഴേക്കും പിന്നെ എങ്ങിനെയാണ് ആ വാർത്ത വായിച്ച് അസ്സൽസർട്ടിഫിക്കറ്റുകൾ സംഘടിപ്പിച്ച് ഒരു ഉദ്യോഗാർത്ഥി ഏപ്രിൽ 30നു് മുമ്പായി എംപ്ലോയ്മെൻറിനെ സമീപിക്കുക?

സാധാരണ നിലയിൽ അപേക്ഷകനും അയയ്ക്കുകയോ നേരിട്ട് ഹാജരാകുകയോചെയ്യേണ്ടതിനെ ഒരാഴ്ച മുമ്പെങ്കിലും അറിയിപ്പുണ്ടാകും ഇങ്ങനെ തലേന്നുമാത്രം അറിയിപ്പ് പുറപ്പെടുവിച്ച് ആളുകളെ തിരഞ്ഞെടുക്കുന്നതിൽ ഭേദം തങ്ങൾക്ക് ഇഷ്ടമുള്ളവരേ നേരത്തെ പറഞ്ഞേൽപിക്കുന്നതിൽ തെരഞ്ഞെടുക്കുകയല്ലേ?

ആലപ്പുഴ
ഏപ്രിൽ 29
} പ്രത്യേക ലേഖകൻ

എറണാകുളം വാർത്തകൾ

(സ്വ. ലേ) ഏപ്രിൽ 29

വൈറ്റിലയിലെ പൂണിത്തുറ എന്നീ പ്രദേശങ്ങളിലെ 'മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പൂണിത്തുറ മത്സ്യ ഉല്പാദക സഹകരണസംഘം എന്ന പേരിൽ ഒരു സൊസൈറ്റി റജിസ്റ്റർ ചെയ്തിരിക്കുന്നു.

കന്നുകാലി രോഗം തടയാൻ

പാറക്കടവ് വികസന ബ്ലോക്കിൽ കന്നുകാലികളെ രോഗബാധയിൽനിന്നും രക്ഷപ്പെടുത്തുന്നതിനാവശ്യമായ കുത്തിവെപ്പ് നടത്തുന്നതിനുവേണ്ടി 1200 രൂപയുടെ ഒരു പദ്ധതിയ്ക്ക് ജില്ലാ കളക്ടർ അനുമതി നല്കിയിരിക്കുന്നു.

വായ്പ അനുവദിച്ചു

കല്ലൂർ കൊച്ചുകുന്നത്തിൽ വീട്ടിൽ ഐപ്പ് വർഗ്ഗീസ് എന്ന ആൾക്ക് ഇളങ്ങളം വില്ലേജിൽ ഒരു വീട് നിർമിക്കാൻവേണ്ടി 5000 രൂപ വായ്പ അനുവദിച്ചുകിട്ടിയിട്ടുണ്ട് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ചാഞ്ഞുട്ടത്തു

ജില്ലാ കളക്ടരുടെ പേഴ്സനൽ അസിസ്റ്റന്റായി ശ്രീ. ജോൺ കെന്നഡിയെ ചാഞ്ഞുട്ടത്തിലേക്കു നിയമിച്ചിരിക്കുന്നു.

തള്ളിക്കളഞ്ഞു

കഴിഞ്ഞ വർഷം ജനുവരിയിൽ ഇവിടെ നോട്ടീസ് ഒരു ഷെഡ്യൂൾവെച്ചു പോയ ഒരു പെട്ടിത്തെറിയെ തുടർന്നു രണ്ടുപേർ മരണപ്പെട്ടതിന്റെ പേരിൽ പി. വി. ജോൺ, പി. വി. വർഗ്ഗീസ് എന്നിവരെ പ്രതിചേർത്തു പോലീസ് എടുത്തിരുന്ന കേസ്സ് ഡി. മജിസ്ട്രേട്ട് തള്ളിക്കളഞ്ഞിരിക്കുന്നു.

.....

കെയിറോയിലെ ഇണീഷ്യൻ എമ്പസിക്കു തീവെച്ചു; ഇണീഷ്യയിൽ നാസ്സർ വിരുദ്ധ പ്രകടനങ്ങൾ

ഇസ്രയേലിനെ അംഗീകരിക്കുവാനുള്ള ഇണീഷ്യൻ തീരുമാനത്തെ ചൊല്ലി നയതന്ത്ര ബന്ധങ്ങൾ വിച്ഛേദിച്ചു

[പി ടി ഐ] കെയിറോ ഏപ്രി. 28

കെയിറോയിലെ ഇണീഷ്യൻ എമ്പസിക്കെതിരായി ഇന്നു് പ്രകടനം നടത്തിയ വിദ്യാർത്ഥികൾ എമ്പസി മന്ദിരത്തിനു് തീവെച്ചു.

കെട്ടിടത്തിനു് കാര്യമായ കേടുപാടുകൾ പറ്റിയിട്ടുണ്ട്. ഇന്നലെ ഇണീഷ്യയിലെ ഈജിപ്ഷ്യൻ എമ്പസിക്കെതിരായി നടന്ന പ്രകടനങ്ങൾക്കുള്ള ഒരു തിരിച്ചടിയാണിതു്.

നേരത്തെ വിദ്യാർത്ഥികൾ ഇണീഷ്യൻ എമ്പസിമന്ദിരത്തിന്റെനേരെ കല്ലെറിഞ്ഞു. ഫയർ ബ്രിഗേഡുകാരുടെ ശ്രമഫലമായി തീകെടുത്തുവാൻ കഴിഞ്ഞു. എമ്പസിയുടെ സംരക്ഷണത്തിനു പിന്നീട് ഒരു കൂട്ടം പോലീസുകാരെ നിർത്തിയിട്ടുണ്ട്.

മറ്റൊരു ഭാഗത്തുള്ള എമ്പസിമന്ദിരത്തിലേക്ക് മാർച്ച്ചെയ്ത വിദ്യാർത്ഥികളെ പോലീസ് തടഞ്ഞു. ജനക്കൂട്ടത്തെ പിരിച്ചുവിടുവാൻ പോലീസ് ഗ്യാസ് ഷെല്ലുകൾ പൊട്ടിച്ചു.

ഇണീഷ്യയിലുള്ള തങ്ങളുടെ അമ്പാസിഡറെ ഉന്നതല തിരിച്ചുവിളിച്ചു. കെയിറോയിലെ ഇണീഷ്യൻ അമ്പാസിഡർ ഇന്നുച്ചതിരിഞ്ഞ് ഇണീഷ്യയിൽ നിന്നു് ഇവിടെ തിരിച്ചെത്തിയിട്ടുണ്ട് അദ്ദേഹം പ്രസിഡണ്ട് ബൊർഗീബയുടെ പ്രസിഡണ്ട് നാസ്സറുള്ള ഒരു കത്തുമായിട്ടാണ് എത്തിയിരിക്കുന്നതു്. അദ്ദേഹം നാസ്സറെ കാണുവാൻ കാത്തിരിക്കുകയാണു്. ഇണീഷ്യൻ എമ്പസി അംബാസഡറുടെ രഹസ്യരേഖകളെല്ലാം ഇന്നു് കത്തിച്ചു. ഇണീഷ്യൻ ഗവണ്മെന്റ് തങ്ങളുടെ ഈജിപ്ഷ്യൻ അമ്പാസഡറെ തിരിച്ചുവിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ന് ഇണീഷ്യൻ എമ്പസിക്ക് നേരെയുണ്ടായ അക്രമപരമായ പ്രകടനങ്ങൾക്കുശേഷം ഇണീഷ്യൻ എമ്പസി സ്റ്റാഫിനെ മുഴുവൻ ഒഴിച്ചുകൊണ്ടുപോകുവാനും ഇണീഷ്യൻ ഗവണ്മെന്റ് തീരുമാനിച്ചു.

ഇറാക്കും എതിരായി

(പി എഫ്. പി.] ബാഗ്ദാദ് ഏ. 28

ഇണീസ്സിലുള്ള തങ്ങളുടെ അമ്പാസിഡറെ ഇറാക്ക് ഇന്നു് തിരിച്ചു് വിളിച്ചു

ഇസ്രായേൽപ്രശ്നം ഭിന്നിപ്പുണ്ടാക്കി

(പ്രത്യേക ലേഖകൻ)

ഇസ്രയേലിനെ അംഗീകരിക്കുന്നതിനുള്ള ഇണീഷ്യയുടെ നിർദ്ദേശങ്ങളെ തുടർന്നു് ഇണീഷ്യ മറ്റു് അറബിരാഷ്ട്രങ്ങളുമായി പാരസ്യമായി തെറ്റിക്കഴിഞ്ഞിരിക്കുന്നു.

ഇണീഷ്യയിലുള്ള തങ്ങളുടെ അമ്പാസിഡറെ ഉന്നതല തിരിച്ചുവിളിച്ചു. കെയിറോയിലെ ഇണീഷ്യൻ അമ്പാസിഡർ ഇന്നുച്ചതിരിഞ്ഞ് ഇണീഷ്യയിൽ നിന്നു് ഇവിടെ തിരിച്ചെത്തിയിട്ടുണ്ട് അദ്ദേഹം പ്രസിഡണ്ട് ബൊർഗീബയുടെ പ്രസിഡണ്ട് നാസ്സറുള്ള ഒരു കത്തുമായിട്ടാണ് എത്തിയിരിക്കുന്നതു്. അദ്ദേഹം നാസ്സറെ കാണുവാൻ കാത്തിരിക്കുകയാണു്. ഇണീഷ്യൻ എമ്പസി അംബാസഡറുടെ രഹസ്യരേഖകളെല്ലാം ഇന്നു് കത്തിച്ചു. ഇണീഷ്യൻ ഗവണ്മെന്റ് തങ്ങളുടെ ഈജിപ്ഷ്യൻ അമ്പാസഡറെ തിരിച്ചുവിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ന് ഇണീഷ്യൻ എമ്പസിക്ക് നേരെയുണ്ടായ അക്രമപരമായ പ്രകടനങ്ങൾക്കുശേഷം ഇണീഷ്യൻ എമ്പസി സ്റ്റാഫിനെ മുഴുവൻ ഒഴിച്ചുകൊണ്ടുപോകുവാനും ഇണീഷ്യൻ ഗവണ്മെന്റ് തീരുമാനിച്ചു.

മാർക്കറ്റ്

ഏപ്രിൽ 29

തൃശൂർ

വെളിച്ചെണ്ണ (കപ്പലണ്ടിനു്)		275-00
കൊപ്ര പുകരാശി	,,	265-00
പിണ്ണാക്ക്	,,	65-00
കരുമുളക്	,,	365-00
കശുവണ്ടി	,,	80-00
ചുക്ക്	,,	....
മഞ്ഞൾ	,,	....
വെള്ളാവി പൂര് (20 കിലോ)		....
കിളിപൂര്	,,	....
അയലോൺ തെ. (50കിലോ)		....
,, എരശൽ	,,	....
പൽതൈലം	,,	....
അണ്ടി	കപ്പലണ്ടി	....

ആലപ്പുഴ

വെളിച്ചെണ്ണ	കപ്പലണ്ടി(ക്ലീൻ)	362-00
അൺക്ലീൻ		375=00
,, ഒന്നാംഅവുധി	,,	337-75
,, രണ്ടാംഅവുധി	,,	333-50
കൊപ്ര പുകരാശി		257-00
,, തെളിവ്	,,	262-00
പിണ്ണാക്ക്	,,	62-50
കരുമുളക് പാലാ		379-00
,, തെക്കൻ	,,	375-00
,, ഒന്നാം അവുധി	,,	398-00
,, രണ്ടാം അവുധി		420-00
ചുക്ക്		400-00
മഞ്ഞൾ		200-00
കൊട്ട പാക്ക്		450-00
കയർ അമ്പലപ്പുഴ്		120-00
,, ആലപ്പാടൻ		110-00
,, ആറാട്ടുപുഴ		105-00
,, അഷ്ടമുടി		110-00
,, മങ്കൊമ്പ്		

കൊച്ചി

വെളിച്ചെണ്ണ (കപ്പലണ്ടിനു്)	392-80
,, ഒന്നാം അവുധി	337-25
,, രണ്ടാം അവുധി	333-75
കൊപ്ര പുകരാശി	263-00
,, തെളിവ്	208-00
പിണ്ണാക്ക്	60-00
ഉരുളൻതേങ്ങ	365-00
തേങ്ങാ [മടൽപ്പുറം]	415-50
കുരുമുളക്	335-50
,, വരവ്മേനി	340-00
,, തെക്കൻ	110-00
കശുവണ്ടി	110-00
ചുക്ക്	600-00
മഞ്ഞൾ	340-00
അടയ്ക്ക	320-00
പൽതൈലം	600-00

പരിഹാരയാത്ര

മരത്താക്കര, ഏ. 27

മരത്താക്കരപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന 'സെൻമേരീസ്' പരിഹാരതീർത്ഥാടനസംഘത്തിന്റെ അഭിമുഖ്യത്തിൽ ഈക്കൊല്ലവും മലയാറ്റൂർ വി. തോമ്മാശ്ലീഹായുടെ കുരിശുമലയിലേക്ക് കാൽനടയായി ഒരു പരിഹാരയാത്ര നടത്തപ്പെട്ടു. യാത്രക്ക് മുൻപായി ഡയറക്ടർ ഫാ. ആന്റണിപറോക്കാരൻ സംഘാംഗങ്ങളോടൊപ്പം ഒരു പൊതുസംഗമം നടത്തി. മരത്താക്കര പള്ളിവികാരി ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ സന്നിഹിതനായിരുന്നു. ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ യാത്രയുടെ ഉദ്ദേശ്യം വിശദീകരിച്ചു. ഫാ. ആന്റണി പറോക്കാരൻ, ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ, ഫാ. ജോസ